# ഖുർആൻ ഒരു സത്യാന്വേഷിയുടെ മുമ്പിൽ

# القرآن لطالب الحق

പറയുക. ഈ ഖുർആന് സമമായ (ഒന്ന്)
ന്നുകൊണ്ടു വരാൻ വേണ്ടി മനുഷ്യരും ജിന്നും
ഒരുമിച്ചു ചേർന്നാലും, ഇതിന് സമമായത്
അവർ കൊണ്ടു വരികയില്ല-അവർ തമ്മിൽ
സഹായിച്ചിരുന്നാലും. (ശരി)

(വിശുദ്ധ ഖുർആൻ: 17:88)

**ചെറിയമുണ്ടം അബ്ദുൽഹമീദ് മദനി**

The Cooperative Office For Call & Guidance to Communities at Naseem Area
Riyadh - Al-Manar Area / Front of O.P.D. of Al-Yamamah Hospital
Under the Supervision of Ministry of Islamic Affairs and Endowment and
Call and Guidance - Riyadh - Naseem
Tel. & Fax 01-2328226 - P.O. Box 51584 Riyadh 11553

Regd. No: Ref. No: T 02

# القرآن لطالب الحق

ഈ ലോകത്തിനൊരു സ്രഷ്ടാവുണ്ട് — ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമ കാരുണികനായ സ്രഷ്ടാവ് — നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിന്റെ പരമ ലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിന്റെ കണക്ക് മരണശേഷം നാം സ്രഷ്ടാവിന്റെ മുമ്പിൽ ബോധിപ്പിക്കേണ്ടി വരും. അന്ന് പുണ്യം ചെയ്യുവനു നന്മയും പാപം ചെയ്യുവനു തിന്മയും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തന്റെ ദൂതരിലൂടെ നൽകിയ നിർദ്ദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യന്റെ രക്ഷാമാർഗ്ഗം.

നമുക്ക് ലോക സ്രഷ്ടാവ് നൽകിയ നിർദ്ദേശ സംഹിതയാണ് ഖുർആൻ. മുഹമ്മത് നബിയിലൂടെ അവൻ ആ സന്ദേശം മനുഷ്യക്കെത്തിച്ചു കൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിന്റെ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാദ്ധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് "നീച് ഓഫ് ട്രുത്ത്". مشكاة الحق

# Quran Oru Sathianuasiyude Mumbil

(ഖുർആൻ ഒരു സത്യാന്വേഷിയുടെ മുമ്പിൽ)


AUTHOR
CHERIYAMUNDUM ABDUL HAMEED MADANI



FIRST IMPRESSION
1985

PRINTER
I. P. T. Press
Calicut

PUBLISHER
NICHE OF TRUTH
Y. M. B. Building
AREACODE

04.........05.........1985 01.........002000...........

بســـم الله الرّحمن الرّحيم

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

പ്രിയ സുഹൃത്തെ,

മുസ്‌ലിംകൾ ദൈവിക ഗ്രന്ഥമായി വിശ്വസിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു ഗ്രന്ഥമാണ് ഖുർആൻ. 14 നൂറ്റാണ്ടുകൾക്ക് മുമ്പ് അറേബ്യയിൽ ജീവിച്ചിരുന്ന മുഹമ്മദ് (സ) എന്ന മനുഷ്യനിലൂടെ ലോകസ്രഷ്ടാവ് സർവ്വ മനുഷ്യർക്കും മാർഗ്ഗദർശകമായി ഇറക്കിയതാണ് ഖുർആൻ.

നമുക്ക് മേലധികാരിയിൽ നിന്ന് എന്നവകാശപ്പെട്ടുകൊണ്ട് ഒരറിയിപ്പ് ലഭിച്ചാൽ അതിൽ അദ്ദേഹത്തിന്റെ മുദ്രയുണ്ടോ എന്നു നാം പരിശോധിക്കും. മുദ്രയുണ്ടെങ്കിൽ ആ അറിയിപ്പ് മേലധികാരിയിൽ നിന്നാണ്, കൊണ്ടുവന്ന ആളിന്റേതല്ല എന്നു നാം മനസ്സിലാക്കുന്നു. കൂടാതെ ആ അറിയിപ്പിന് അതിന്റേതായ ഗൗരവം നൽകുകയും അതുപോലെ പരിഗണിക്കുകയും ചെയ്യുന്നു.

ഒരു മനുഷ്യൻ താൻ ദൈവദൂതനാണ്, ഈ സന്ദേശം ലോകസ്രഷ്ടാവിന്റേതാണ് എന്നു പറയുമ്പോൾ അദ്ദേഹം അതിന് തെളിവുകൾ ഹാജരാക്കേണ്ടതുണ്ട്. ലോകസ്രഷ്ടാവ് തന്റെ ദൂതന്മാർക്ക് നൽകിയ ദൃഷ്ടാന്തങ്ങൾക്ക് മുഅ്ജിസത്ത് (അമാനുഷിക ദൃഷ്ടാന്തം) എന്നു പറയുന്നു. മുഹമ്മദ് നബി (സ) ക്ക് ലഭിച്ച സന്ദേശവും പ്രധാന മുഅ്ജിസത്തുമാണ് ഖുർആൻ. ഇക്കാര്യം ഇസ്‌ലാമിലെ വിശ്വാസ കാര്യങ്ങളിൽ പെട്ടതാണ്.

ഇന്ന് മനുഷ്യർ പല പുതിയ അറിവുകളും നേടി. ശാസ്ത്രം വളരെയധികം പുരോഗമിക്കുകയും പ്രകൃതിയിലെ പല രഹസ്യങ്ങളും മനുഷ്യൻ അനാവരണം ചെയ്യുകയും ചെയ്തു. മുമ്പവനുണ്ടായിരുന്ന പല ധാരണകളും, മുൻഗാമികൾ എഴുതിവെച്ച പല കാര്യങ്ങളും വിഡ്ഢിത്തങ്ങളും അജ്ഞതയുമാണെന്ന് അവന് ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഭാവിയിൽ നമ്മുടെ പല ധാരണകളും തെറ്റായിരുന്നു എന്ന് തെളിയിച്ചേക്കാം. എല്ലാ കാലഘട്ടങ്ങളിലും മനുഷ്യരെഴുതുന്ന ഗ്രന്ഥങ്ങളിൽ ഗ്രന്ഥകർത്താവിന്റെയും കാലഘട്ടത്തിന്റെയും ധാരണകളും ധാരണ പിശകുകളും കടന്നുകൂടാതിരിക്കുകയില്ല. പലപ്പോഴും പിൻഗാമികൾ അവ തിരുത്തുകയും ചെയ്യുന്നു.

എന്നാൽ ഖുർആനിൽ മുഹമ്മദ് നബി (സ) യുടെ കാലത്തുണ്ടായിരുന്ന യാതൊരു തെറ്റിദ്ധാരണകളും അന്ധവിശ്വാസങ്ങളും കടന്നുകൂടിയിട്ടില്ല. എക്കാലവും അതിലെ പ്രസ്താവനകൾ സത്യസമ്പൂർണ്ണമാണെന്ന് കാലഘട്ടങ്ങളിലെ സ്പഷ്ടമായ അറിവുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാകും. ഫ്രഞ്ച് ശാസ്ത്രജ്ഞനായ മോറീസ് ബുഖായ ആധുനിക ശാ

സ്ത്രത്തിൻെറ അടിസ്ഥാനത്തിൽ ഖുർആനും ബൈബിളും വിലയിരുത്തിയശേഷം പറയുന്നു. ''മുഹമ്മതിൻെറ കാലഘട്ടത്തിലെ അറിവു വെച്ചു നോക്കുമ്പോൾ ഖുർആനിലെ ശാസ്ത്രവുമായി ബന്ധപ്പെട്ട പല പ്രസ്താവനകളും ഒരു മനുഷ്യൻെറ വാക്കുകളാണെന്ന് മനസിലാക്കാൻ നിവൃത്തിയില്ല.''(1)

പ്രിയ സുഹൃത്തെ ഖുർആൻ പഠിച്ചുനോക്കുമ്പോൾ അതൊരിക്കലും മനുഷ്യരുടെ പക്കൽനന്നാവാൻ തരമില്ല. സർവ്വ രഹസ്യങ്ങളും പരസ്യങ്ങളും അറിയുന്ന ലോകസ്രഷ്ടാവിൻെറ പക്കൽനിന്നാവാനെ തരമുള്ളു എന്ന് മനസ്സിലാവുന്നു. കേരളത്തിലെ അറിയപ്പെട്ട എഴുത്തുകാരനും പ്രാസംഗികനും പണ്ഡിതനുമായ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി എഴുതിയ ഈ കൃതി നിങ്ങളുടെ മുന്നിൽ ഒരു ചോദ്യചിഹ്നമായി നില്ക്കട്ടെ! ഖുർആൻ ഒരു മനുഷ്യൻെറ കൃതിയാണെന്നെങ്ങിനെ പറയും–മനുഷ്യകൃതികൾക്കുള്ള ദൗർബല്യങ്ങളൊന്നും അതിനില്ലല്ലൊ. അതൊരു മനുഷ്യകൃതി ആയിരുന്നെങ്കിൽ കാലഘട്ടങ്ങളിലൂടെ മനുഷ്യൻ അനാവരണം ചെയ്യുന്ന പ്രകൃതിരഹസ്യങ്ങൾക്ക് 100%വും യോജിക്കുമായിരുന്നോ?

ഗർഭാശയത്തിലെ കുഞ്ഞിൻെറ വളർച്ചയിലെ ഘട്ടങ്ങൾ എങ്ങിനെ തെററാതെ അത് വിവരിക്കും?(2) തേനീച്ചകളിൽ വീട്ടുണ്ടാക്കുന്നതും ഭക്ഷണം തേടുന്നതും തേനുല്പാദിപ്പിക്കുന്നതും പെണ്ണീച്ചകളാണെന്നും ഖുർആൻ എങ്ങിനെ മനസ്സിലാക്കി പുരാവസ്തു ഗവേഷകർ ഇന്ന് കണ്ടെത്തുന്ന പല കാര്യങ്ങളും എങ്ങിനെ ഖുർആൻ തെററാതെ വിശദീകരിച്ചു. മഴകൾ ഉണ്ടാകുന്ന രൂപം, ഭൂമിയുടെ ആകൃതി, നക്ഷത്രഗോളങ്ങളുടെ ചലനം, പ്രപഞ്ചോൽപത്തി, പ്രപഞ്ചത്തിൻെറ വികാസം, ജലചക്രം, കടലിലെ ആന്തരിക തരംഗങ്ങൾ പോലുള്ള കാര്യങ്ങൾ സ്പർശിക്കുമ്പോൾ ഇത്ര കണിശമായി തെററാതെ അവതരണകാലത്തെ അജ്ഞതകൾ നിഴലിക്കാതെ എങ്ങിനെ വിശദീകരിച്ചു. തീർച്ചയായും ഖുർആൻ മനുഷ്യകൃതിയല്ല, ലോകസ്രഷ്ടാവിൻെറ പക്കൽനിന്നും അവതീർണ്ണമായതത്രെ.

ഡയറക്ടർ, നീച്ച് ഓഫ് ട്രൂത്ത്

---

1 Morice Bucaille. "The bible the Quran and Science" Last paragraph.

2 ഖുർആനിൽ മനുഷ്യ ഭ്രൂണവളർച്ചയുടെ ഘട്ടംഘട്ടമായുള്ള വികാസത്തിൻെറ വളരെ കൃത്യമായ വിവരണങ്ങൾ അടങ്ങിയിട്ടുണ്ട്. Dr. Keith Moore. University of Toronto Quranic descriptions of embryo growth

(Indian Express Dec. 10 1984)

# ഖുർ ആൻ ഒരു സത്യാന്വേഷിയുടെ മുമ്പിൽ

വിശുദ്ധഖുർആനെ പററി വായിക്കുകയോ കേൾക്കുകയോ ചെയ്യാത്തവർ വളരെ ചുരുങ്ങും. വിശിഷ്യാ, അതിനെ അനുകൂലിച്ചും പ്രതികൂലിച്ചും ധാരാളം പ്രസംഗങ്ങൾ നടക്കുന്ന, ലേഖനങ്ങളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ, വിശുദ്ധഖുർആൻെറ സവിശേഷതകൾ വിശദമായി ഗ്രഹിക്കാൻ, അതിൻെറ പ്രാമാണികതയെപററി പൂർണ്ണമായി മനസ്സിലാക്കാൻ ബൃഹദ് ഗ്രന്ഥങ്ങളുടെ സഹായം വേണം.

അന്യൂനമായി, അജയ്യമായി, യുഗപ്പകർച്ചകൾക്ക് വഴങ്ങാതെ, മനുഷ്യമനസ്സാക്ഷിയെ തട്ടിയുണർത്തിക്കൊണ്ട് നിലനിൽക്കുന്ന ഏകദൈവിക ഗ്രന്ഥമെന്ന നിലയിൽ മുസ്ലിം ജനകോടികൾ അതിനെ വിശ്വസിച്ചാദരിക്കുന്നു; ജീവിത പ്രമാണമായി അംഗീകരിക്കുന്നു. മുസ്ലിംകളല്ലാത്ത പല പ്രഗൽഭ പണ്ഡിതന്മാരും വിശുദ്ധഖുർആൻ പഠനവിധേയമാക്കുകയും വിവർത്തനങ്ങളും വ്യാഖ്യാനങ്ങളും രചിക്കുകയും ചെയ്തിട്ടുണ്ട്. ഗാന്ധിജിയും വിനോബയും മററും ദാർശനിക മൂല്യമുള്ള ഒരു മഹാഗ്രന്ഥമെന്ന നിലയിൽ വിശുദ്ധഖുർആൻെറ പദവി അംഗീകരിച്ചവരിൽ പെടുന്നു. നൂറുകണക്കിൽ ഓറിയൻറലിസ്റ്റുകൾ വിവിധ യൂറോപ്യൻ ഭാഷകളിലേക്ക് വിശുദ്ധഖുർആൻ

ഭാഷാന്തരപ്പെടുത്തിയിട്ടുണ്ട്   ചിലർ ഖുർആനെയും ഇസ്ലാമിനെയും പററി കനപ്പെട്ട കൃതികൾ രചിട്ടുമുട്ട്.

പക്ഷെ, അമുസ്ലിംകളിൽ ബഹുഭൂരിഭാഗവും വിശുദ്ധഖുർആനെ ഒരു മുസ്ലിം പുരാണഗ്രന്ഥം എന്ന നിലയിൽ മാത്രം നോക്കിക്കാണുന്നവരാണ്. ഓരോ ജനതയ്ക്കും സ്വന്തമായി ഐതിഹ്യങ്ങളും പുരാണങ്ങളും ഉള്ളപോലെ മുസ്ലിംകൾക്കും ഒന്നുണ്ട്; അതവർ പൂജിച്ചാദരിച്ചുകൊള്ളട്ടെ; നമുക്കതിൽ കാര്യമൊന്നുമില്ല എന്ന നിസ്സംഗതാപൂർണ്ണമായ നിലപാടാണ് പലരും വെച്ചു പുലർത്തുന്നത് ജനങ്ങൾ സങ്കുചിതമായ സാമുദായികത്വത്തിൻെറ വെള്ളം കടക്കാത്ത അറകളിൽ ഒററപ്പെട്ടുകഴിയുന്ന മേഖലകളിൽ ഈ നിസ്സംഗതയും ഉദാസീനഭാവവും വളരുന്നു. ചിലപ്പോഴത് അവഗണനയും അവജ്ഞയും വരെ എത്തുന്നു.

എന്നാൽ പക്വമതികളും സത്യാന്വേഷികളുമായ ഒരു ന്യൂനപക്ഷം സങ്കുചിതവീക്ഷണങ്ങളുടെ മുഖാവരണം നീക്കി പ്രവിശാലമായ ആശയമേഖലകളിലേക്ക് സത്യം തേടി പുറപ്പെടാറുണ്ട്. പക്ഷെ, ഇസ്ലാമിനെപററി അന്വേഷിക്കുന്ന സഹൃദയരുടെ കയ്യിൽ ചിലപ്പോൾ മാത്രമേ സത്യസന്ധമായ ഗ്രന്ഥങ്ങൾ എത്തിപ്പെടാറുള്ളൂ. പലപ്പോഴും ആധികാരികജ്ഞാനമില്ലാത്ത മുസ്ലിം എഴുത്തുകാർ കുത്തിക്കൂട്ടിയ അബദ്ധ സംഹിതകളോ, ദുഷ്പ്രചാരകരായ എതിരാളികളുടെ ദുരുപദിഷ്ട കൃതികളോ ആയിരിക്കും അവർക്ക് വായിക്കാൻ കിട്ടുന്നത്. ഇത് അവരിൽ ഇസ്ലാമിനോട് വിമുഖത വളർത്തുന്നുവെങ്കിൽ അവരെ പഴിച്ചിട്ടുകാര്യമില്ല.

ഇസ്ലാമിനെപററി മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന മലയാളികൾക്ക് വിശുദ്ധഖുർആനെ പററി ഹ്രസ്വമെങ്കിലും സമഗ്രമായ ഒരു വിവരണം നൽകുക എന്നതത്രെ ഈ ലഘുകൃതിയുടെ ലക്ഷ്യം.

## വിശുദ്ധഖുർആൻ ചരിത്രത്തിൽ

ഗതകാലസംഭവങ്ങളുടെ സാധുത തീരുമാനിക്കുന്നതിൽ ചരിത്രത്തിനു വലിയ പങ്കാണ് നിർവ്വഹിക്കാനുള്ളത്. വേ

ദഗ്രന്ഥങ്ങളെ ചരിത്രദൃഷ്ട്യാ പരിശോധിക്കുമ്പോൾ അവയിൽ ഖണ്ഡിതമായ ചരിത്ര രേഖകളുടെ പിൻബലമുള്ളത് വിശുദ്ധഖുർആന് മാത്രമാണെന്ന് കാണാവുന്നതാണ്. കാലം അവ്യക്തതയുടെ കരിനിഴൽ വീഴ്ത്തിയ കാരണത്താൽ പല മതാചാര്യന്മാരുടെയും ജീവിതത്തിന് ചരിത്രരേഖകളുടെ പിൻബലമില്ലെന്ന് വന്നിരിക്കുന്നു. ഉദാഹരണമായി മോശെ, യേശു, ശ്രീകൃഷ്ണൻ തുടങ്ങിയവരെ എടുക്കാം. യഹൂദർ വിശ്വസിക്കുന്നു മോശെയാണ് ലോകം കണ്ട ഏററവും മാതൃകായോഗ്യനായ ആചാര്യനെന്ന്. ക്രൈസ്തവർ വിശ്വസിക്കുന്നു ഓരോ മനുഷ്യനും ആദിപാപത്തിൽ നിന്ന് മോചനം ലഭിക്കുന്നത് യേശു ക്രിസ്തുവിൻെറ കുരിശുമരണത്തിലൂടെയാണെന്ന്. എല്ലാ നന്മയുടെയും ശക്തിയുടെയും സ്രോതസ്സായി ഹൈന്ദവർ ശ്രീകൃഷ്ണനെ കാണുന്നു. എന്നാൽ മോശെയോ, യേശുവോ, കൃഷ്ണനോ ജീവിച്ചിട്ടേ ഇല്ലെന്നും ഇവരൊക്കെ ആരുടെയോ ഭാവനയിൽ രൂപം പൂണ്ട ഇതിഹാസ കഥാപാത്രങ്ങൾ മാത്രമാണെന്നും ചരിത്രത്തിൻെറ പേരിൽ വാദിക്കുന്ന യുക്തിവാദികളെ നേരിടാൻ ചരിത്രരേഖകളില്ലാതെ കഴങ്ങുകയാണ് ഇന്ന് യഹൂദരും ക്രൈസ്തവരും ഹൈന്ദവരുമെല്ലാം. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം മോശെ (മൂസാനബി) യെ പററിയും യേശു (ഈസാനബി)വെ പററിയും, പേരു പറഞ്ഞവരും അല്ലാത്തവരുമായ അനേകം പൂർവ്വപ്രവാചകൻമാരെ പററിയും വിശുദ്ധഖുർആൻ പഠിപ്പിക്കുന്ന കാര്യങ്ങൾ അവർ വിശ്വസിക്കുന്നു. വിശുദ്ധഖുർആൻ ഒരു ചരിത്ര വസ്തുതയും മുഹമ്മദ്നബി ഒരു ചരിത്രപുരുഷനുമാണെന്ന കാര്യത്തിൽ ഒരു യുക്തിവാദിയും ഇത്വരെ തർക്കിച്ചിട്ടില്ല. തർക്കിക്കാൻ ന്യായവുമില്ല കാരണം, ചരിത്രത്തിൻെറ ശുഭ്രപ്രകാശത്തിലാണ് മുഹമ്മദ്നബി ജീവിച്ചത്. അദ്ദേഹം ഒരു ഇതിഹാസ കഥാപാത്രമല്ല; ലോകഗതിയെത്തന്നെ സ്വാധീനിച്ച ചരിത്രപുരുഷനാണ്.

ക്രിസ്താബ്ദം 571 ൽ അറേബ്യയിലെ മക്കയിൽ ജനിച്ച മുഹമ്മദ് നബിയുടെ സംഭവബഹുലമായ ജീവിതം ആദ്യമദ്ധ്യാന്തം ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്നുണ്ട്. നാൽപതാം വയ

സ്സ്വരെ സാഹിത്യപരമായ യാതൊരു മികവും അദ്ദേഹം പ്രകടിപ്പിച്ചിരുന്നില്ല. മതവിദ്യാപീഠങ്ങളിൽ ചേർന്ന് അദ്ദേഹം പഠനം നടത്തിയിട്ടില്ല പ്രാകൃതമതക്കാരും ക്രൈസ്തവരും യഹൂദരും സൊറോസ്ട്രിയൻ മതക്കാരുമായ അറബികളുമായി അദ്ദേഹം മതവിഷയങ്ങൾ ചർച്ച ചെയ്യുകയോ സംവാദത്തിലേർപ്പെടുകയോ ചെയ്തിരുന്നില്ല. രാഷ്ട്രമീമാംസയിലോ സാമൂഹ്യ ശാസ്ത്രത്തിലോ അദ്ദേഹം ഗവേഷണം നടത്തിയിരുന്നില്ല കാവ്യങ്ങൾ രചിക്കുകയോ കവിതയിൽ താൽപര്യം പ്രകടിപ്പിക്കുകയോ ചെയ്തിരുന്നില്ല അദ്ദേഹം. ചെറുപ്പത്തിൽ ആട് മേയ്ക്കലും യൗവനത്തിൽ വ്യാപാരവുമായിരുന്നു അദ്ദേഹത്തിൻെറ തൊഴിൽ.

നാൽപതാം വയസ്സിൽ അദ്ദേഹത്തിന് ഏകാന്ത ധ്യാനത്തിൽ താൽപര്യം തോന്നുകയും അതിന്നായി അദ്ദേഹം മക്കയിലെ ഒരു ഗുഹ തെരഞ്ഞെടുക്കുകയും ചെയ്തു അവിടെ വെച്ചാണ് അദ്ദേഹത്തിന് ജിബ്രീൽ എന്ന മാലാഖ മുഖേന ആദ്യത്തെ ദൈവിക സന്ദേശം ലഭിച്ചത്. തികച്ചും ആകസ്മികമായാണ് ഈ അനുഭവമുണ്ടായത്. നബിയ്ക്ക് തന്നെ അമ്പരപ്പും നടുക്കവും സൃഷ്ടിച്ച ഈ സംഭവം അദ്ദേഹത്തിൻെറ ജീവിതത്തിലെ മാത്രമല്ല ലോക ചരിത്രത്തിലെ തന്നെ ഒരു വഴിത്തിരിവായിരുന്നു. മനോവിഭ്രാന്തിയുടെയോ മായിക ഭ്രമങ്ങളുടെയോ ഒരു ലോകത്തിലേക്കല്ല ഈ സംഭവം അദ്ദേഹത്തെ നയിച്ചത്. ലോകത്തിനാകെ ഒരു മാർഗദർശനം നൽകുക; പ്രസംഗത്തിൽ മാത്രമല്ല പ്രയോഗത്തിലും ദൈവഹിതത്തിന് സാക്ഷ്യം വഹിക്കുക എന്ന ദൗത്യത്തിൻെറ വിജയകരമായ നിർവഹണത്തിലേക്ക് അത് അദ്ദേഹത്തിൻെറ ജീവിതത്തെ തൊടുത്തുവിട്ടു. തുടർന്ന് ഇരുപത്തിമൂന്ന് വർഷത്തിനിടയിൽ അനേകം തവണ അദ്ദേഹത്തിന് ദൈവസന്ദേശം ലഭിച്ചുകൊണ്ടിരുന്നു. വിശ്വാസകർമ്മരംഗങ്ങളിലെ ദൈവിക നിർദ്ദേശം ക്രമാനുഗതം പ്രസക്തിയനുസരിച്ച് അദ്ദേഹത്തിന് കേൾപ്പിക്കപ്പെട്ടു. ഓരോ തവണയും കേൾപ്പിക്കപ്പെടുന്ന സന്ദേശം അദ്ദേഹം ജനങ്ങളെ കേൾപ്പിച്ചു. ചിലർ വിശ്വസിച്ചു പല

രും നിഷേധിച്ചു. ഓരോ സന്ദർഭത്തിലും ലഭിക്കുന്ന ദൈവിക സന്ദേശങ്ങളത്രയും അദ്ദേഹവും അനുയായികളും ആവർത്തിച്ചാവർത്തിച്ച് പാരായണം ചെയ്തു മനസ്സിലുറപ്പിച്ചു. വാഗ് വിചാരകർമ്മങ്ങളെ തദടിസ്ഥാനത്തിൽ വാർത്തെടുത്തു.

നബി ഇഹലോകവാസം വെടിയുന്നതിനുമുമ്പ് തന്നെ അദ്ധ്യായങ്ങളും വചനങ്ങളും ഇന്ന് നിലവിലുള്ള ക്രമത്തിൽ പാരായണം ചെയ്തുകൊണ്ട് വിശുദ്ധ ഗ്രന്ഥത്തിന്റെ ക്രോഡീകരണവും കൂടി ദൈവിക നിർദ്ദേശപ്രകാരം ലോകത്തെ അറിയിച്ചിരുന്നു. പക്ഷെ, ഖുർആന്റെ മുഴുവൻ ഭാഗങ്ങളും ഒന്നിച്ചു ഒററവാല്യമായി എഴുതി രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല. നബി പാരായണം ചെയ്തു കേൾപ്പിക്കുന്ന സന്ദേശങ്ങളെല്ലാം യഥാസമയം പല അനുയായികളും എഴുതാവുന്ന വസ്തുക്കളിന്മേൽ (തുകൽ, കല്ല്, എല്ല് മുതലായവ) എഴുതിവെക്കാറുണ്ടായിരുന്നു. കണിശമായി ഹൃദിസ്ഥമാക്കിയവരുടെ സംഖ്യ വളരെ കൂടുതലുണ്ടായിരുന്നു. നബിയുടെ വിയോഗത്തിന് ശേഷം താമസിയാതെ തന്നെ രേഖകൾ ഒത്തുനോക്കിയും മനഃപാഠമാക്കിയവരെക്കൊണ്ട് പരിശോധിപ്പിച്ചും വിശുദ്ധഖുർആന്റെ ആധികാരികമായ ക്രോഡീകരണം നബിയുടെ പിൻഗാമിയായ ഒന്നാം ഖലീഫ അബൂബക്കറി(റ)ന്റെ കല്പനപ്രകാരം സൈദ്ബിൻസാബിത് (റ) എന്ന സഹാബി പ്രമുഖന്റെ നേതൃത്വത്തിൽ നടന്നു. അങ്ങനെ വിശുദ്ധഖുർആൻ ഇന്ന് കാണുന്ന ക്രമത്തിലും രൂപത്തിലുമുള്ള ഒററവാല്യമായി മൂന്നാം ഖലീഫ ഉസ്മാൻ (റ) അതിന്റെ പകർപ്പുകൾ എടുപ്പിച്ചു ഇസ്ലാമിക രാഷ്ട്രത്തിന്റെ പ്രവിശ്യാ തലസ്ഥാനങ്ങളിലേക്കെല്ലാം അയച്ചുകൊടുത്തു. ഇതിന്റെ പ്രതികൾ ഇന്നും ലഭ്യമാണ് ഇന്ന് ലോകത്തുടനീളം പാരായണം ചെയ്യപ്പെടുന്ന കോടിക്കണക്കിന് വിശുദ്ധഖുർആൻ കോപ്പികൾ ആ പ്രാചീന പകർപ്പുകളുമായി ഒരക്ഷരത്തിനുപോലും വ്യത്യാസമില്ലാത്തതത്രെ. മുസ്ലിംകൾ എഴുതിയ ചരിത്രം മാത്രമല്ല, വിവിധ മതക്കാരും മതവിരുദ്ധരും എഴുതിയ ചരിത്രഗ്രന്ഥങ്ങൾ പോലും നബി (സ)യുടെയും വിശുദ്ധഖുർആന്റെയും ചരിത്രപരത അംഗീകരിക്കുന്നുണ്ട്.

മററു വേദങ്ങളുടെയും പുരാണങ്ങളുടെയും ചരിത്രപരമായ അടിത്തറ പരിശോധിക്കുമ്പോഴം ഈ വസ്തുത കൂടുതൽ സ്പഷ്ട മാകും. ബൈബിൾ പുതിയ നിയമം യേശുക്രിസ്തുവിൻെറ വചനങ്ങളാണെന്നതിന് ചരിത്രരേഖകളുടെ പിൻബലമില്ലെന്ന് ബൈബിൾ ചരിത്രകാരൻമാർതന്നെ സമ്മതിച്ചിട്ടുള്ളതാണ്. ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ ആധികാരികത സ്ഥാപിക്കാവുന്ന പുരാണേതിഹാസങ്ങളോ വേദോപ നിഷത്തുക്കളോ ഇല്ലെന്ന വസ്തു ഇന്ത്യാ ചരിത്രത്തെ പററി സാമാന്യ ധാരണയുള്ളവർക്കെല്ലാം അറിയാവുന്നതത്രെ.

## സവിശേഷതകൾ

ഇനി നമുക്ക് വിശുദ്ധഖുർആൻെറ സവിശേഷതകൾ എന്തൊക്കെയെന്ന് പൊതുവെ പരിശോധിക്കാം. സൂക്ഷ്മവിശകലനം ഒരു ലഘുഗ്രന്ഥത്തിൻെറ പരിധിയിൽ ഒതുങ്ങുന്നതല്ലെങ്കിലും ഒരു ഗ്രന്ഥത്തെ പററി പഠിക്കാനുള്ള ശരിയായ ഒരു മാർഗം അതിനെ മററു ഗ്രന്ഥങ്ങളുമായി താരതമ്യപ്പെടുത്തുകയത്രെ ആദ്യം അറബിഭാഷയിലുള്ള ഗ്രന്ഥങ്ങൾ, അവയുടെ ഉള്ളടക്കവും ശൈലിയും വിശുദ്ധഖുർആൻെറ ഉള്ളടക്കവും ശൈലിയുമായി താരതമ്യം ചെയ്യാം.

മുഹമ്മദ് നബി (സ)ക്കു മുമ്പുള്ള അറബിസാഹിത്യം മുഖ്യമായും കവിതകളും ജോത്സ്യന്മാരുടെ ഗദ്യകവിതകളുമായിരുന്നു. ക്രൈസ്തവരുടെയും യഹൂദരുടെയും മതഗ്രന്ഥങ്ങളിലും ഏതാനും രാജശാസനങ്ങളിലും ഒതുങ്ങി നില്ക്കുന്നതായിരുന്നു അന്നത്തെ ഗദ്യസാഹിത്യം കവിതകളുടെ ഉള്ളടക്കം മദ്യം, കാമുകി, പടക്കുതിര, ഒട്ടകം തുടങ്ങിയവയെപ്പററിയുള്ള വർണ്ണനയോ, കവിയോ കവിയുടെ ഗോത്രമോ നടത്തിയ വീര പരാക്രമങ്ങളുടെ കാല്പനികത കലർത്തിയ വിവരണമോ ആയിരിക്കും. കാമുകിയുടെ വേർപാടിനെ പററിയുള്ള വിലാപത്തോടെയായിരിക്കും മിക്ക കാവ്യങ്ങളും ആരംഭിക്കുന്നത്. അന്നത്തെ പ്രസംഗകരുടെ വിഷയങ്ങളും വിഭിന്നമായിരുന്നില്ല. ബൈബിൾ പഴയ നിയമത്തിൻെറ വിശദീകരണത്തിൽ കവിഞ്ഞ മതസാഹിത്യങ്ങൾ അന്ന് ഉണ്ടായിരുന്നില്ല.

ആ സാഹചര്യത്തിലാണ് മുഹമ്മദ് നബി (സ) ക്കും അദ്ദേഹത്തിലൂടെ മുഴുവൻ ലോകത്തിനും അല്ലാഹുവിന്റെ വചനങ്ങൾ കേൾപ്പിക്കപ്പെടുന്നത്.

പരമകാരുണികനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.
"സൃഷ്ടികർത്താവായ താങ്കളുടെ നാഥന്റെ നാമത്തിൽ ഓതുക.
മനുഷ്യനെ അവൻ ഒരു ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചു.
ഓതുക. താങ്കളുടെ നാഥൻ ഏററം ഉദാരനാകുന്നു.
പേന കൊണ്ടു പഠിപ്പിച്ചവനായ നാഥൻ
മനുഷ്യന്നു് അറിഞ്ഞു കൂടാത്തത് അവൻ പഠിപ്പിച്ചു."

പരമകാരുണികനായ ദൈവത്തിന്റെ പേരിൽ ആരംഭിക്കുന്ന ഒരു സാഹിത്യ രൂപവും അറേബ്യക്കോ അറബികൾക്കോ പരിചിതമായിരുന്നില്ല. കരുത്തനും അധിപനുമായി വളരുന്ന മനുഷ്യന്റെ ഭ്രൂണാവസ്ഥയിൽ നിന്നുള്ള എളിയ തുടക്കത്തെപ്പററി ചിന്തിപ്പിക്കുന്ന ഗദ്യപദ്യങ്ങളും അറബികൾ കേട്ടിട്ടുണ്ടായിരുന്നില്ല. പേനയുടെ സഹായത്തോടെ നടക്കുന്ന ലേഖനവിദ്യയാണ് എല്ലാ വൈജ്ഞാനിക വികാസങ്ങൾക്കും ശാസ്ത്രപുരോഗതിക്കും വഴിയൊരുക്കുന്ന അനുഗ്രഹമെന്ന് അറബികളോട് മററാരും പറഞ്ഞിരുന്നില്ല. സർവ്വോപരി, അറബിഭാഷയിൽ എക്കാലത്തും വളർന്നു വന്ന എല്ലാ സാഹിത്യ ശൈലികളിൽ നിന്നും ഭിന്നമായ വിശുദ്ധ ഖുർആന്റെ ഭാഷാശൈലി അറബികൾക്ക് തീർത്തും അപരിചിതമായിരുന്നു. അതോടൊപ്പം അതിന്റെ ഘടനാ വൈശിഷ്ട്യവും രൂപ സൗകുമാര്യവും ആശയ ഗാംഭീര്യവും അന്നത്തെ അറബിസാഹിത്യ സാരഥികളെ അത്ഭുതസ്തബ്ധരാക്കുകയും ചെയ്തു.

അറബികൾക്കിടയിൽ വളർന്ന നിരക്ഷരനും അനഭ്യസ്ത വിദ്യനും സാത്വികനുമായ മുഹമ്മദ് എന്ന വ്യക്തി നാല്പതാം വയസ്സിൽ തികച്ചും അസാധാരണമായ ഒരു സാഹിത്യ കൃതി രചിച്ചുവെന്നും, അത് സ്വന്തമെന്ന് അവകാശപ്പെടാതെ ദൈവത്തിങ്കൽ നിന്ന് ലഭിച്ചതാണെന്ന് കള്ളം പറഞ്ഞുവെന്നും വാദിക്കുന്നത് യാതൊരു ന്യായീകരണവും അർഹിക്കുന്നില്ല. കാരണം,

താഴെക്കിടയിലുള്ള ഒരു സാഹിത്യകൃതി രചിക്കുന്ന ആൾ പോലും തൻെറ രചനയിൽ അഭിമാനം കൊള്ളുകയാണ് ചെയ്യുക. യാതൊരു മഹാസാഹിത്യകാരനും നാളിത് വരെ സ്വന്തം കൃതി മറെറാരാൾ എഴുതിയതാണെന്ന് പറഞ്ഞ് ഒഴിഞ്ഞിട്ടില്ല; ജീവൻ അപകടത്തിലാവുമെന്ന് ഭയപ്പെട്ടപ്പോഴല്ലാതെ. എന്നാൽ മുഹമ്മദ് നബി (സ) ക്ക് അത്തരമൊരു സാഹചര്യമുണ്ടായിരുന്നില്ല. ഖുർആൻ സ്വന്തം കൃതിയാണെങ്കിൽ അത് തുറന്നു പറഞ്ഞാൽ അറബികൾ അദ്ദേഹത്തെ ബഹുമതികൾ കൊണ്ട് പൊതിയുമായിരുന്നു. ഒരു ഗോത്രത്തിൽ ഒരു സാഹിത്യകാരൻ വളർന്നുവന്നാൽ ഗോത്രമാകെ അഭിമാനം കൊള്ളുന്ന കാലമായിരുന്നു അത്. എന്നാൽ ദൈവത്തിൻെറ വചനം ആ നിലയിൽ തന്നെ ലോകത്തിൻെറ മുമ്പാകെ വെക്കുവാനായിരുന്നു അദ്ദേഹം കല്പിക്കപ്പെട്ടിരുന്നത്. അതിൻെറ പേരിൽ ക്രൂരമായ പരിഹാസങ്ങളും പീഡനങ്ങളും അദ്ദേഹത്തിനു നേരിടേണ്ടി വന്നു. അതെല്ലാം അവഗണിച്ചുകൊണ്ട് അദ്ദേഹം ദിവ്യദൗത്യം നിറവേററി. അറബ് നേതാക്കൾ അദ്ദേഹത്തെ നിശബ്ദനാക്കാൻ ശ്രമിച്ചു. പരാജയപ്പെട്ടപ്പോൾ അറേബ്യൻ വിശ്വാസ പാരമ്പര്യങ്ങൾക്കനുരൂപമായി ഖുർആനിൽ ഭേദഗതികൾ വരുത്താൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അതിന് ദൈവികമായ പ്രതികരണം ഇപ്രകാരമായിരുന്നു.

‘‘നമ്മുടെ സ്പഷ്ടമായ ദൃഷ്ടാന്തങ്ങൾ പാരായണം ചെയ്തു കേൾപ്പിക്കപ്പെടുമ്പോൾ നാമുമായുള്ള സമാഗമം ഗ്രഹിക്കാത്തവർ പറഞ്ഞു; നീ വേറൊരു ഖുർആൻ കൊണ്ടു വരൂ അല്ലെങ്കിൽ ഇതിൽ ഭേദഗതികൾ വരുത്തൂ എന്ന്. താങ്കൾ പറയൂ; എനിക്ക് സ്വന്തം വകയായി ഇതിൽ മാററം വരുത്താനൊക്കുകയില്ല. എനിക്ക് നല്കപ്പെടുന്ന സന്ദേശത്തെ അനുധാവനം ചെയ്യുക മാത്രമാണ് ഞാൻ ചെയ്യുന്നത്. തീർച്ചയായും ഞാൻ ഭയപ്പെടുന്നു; എൻെറ നാഥനെ ഞാൻ ധിക്കരിക്കുകയാണെങ്കിൽ ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ ഞാൻ അനുഭവിക്കേണ്ടി വരുമെന്ന്. താങ്കൾ പറയൂ; അല്ലാഹുവിൻെറ ഹിതം മറിച്ചായിരുന്നെങ്കിൽ ഞാനിത് നിങ്ങളെ വായിച്ചു കേൾപ്പിക്കില്ലായിരുന്നു. അവൻ നിങ്ങളെ ഇത് അറിയിക്കുകയുമില്ലായിരുന്നു. ഞാൻ നിങ്ങൾക്കിടയിൽ ഇതിനു മുമ്പ് അനേകവർഷം (പ്രവാചകത്വം വാദിക്കാതെ ദൈവസന്ദേശം കേൾപ്പിക്കാതെ) കഴിച്ചു കൂട്ടിയിട്ടുണ്ടല്ലോ,

നിങ്ങളെന്താ ചിന്തിക്കാത്തത്? ദൈവത്തിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയോ, ദൈവികദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുകയോ ചെയ്യുന്നവനെക്കാൾ വലിയ അക്രമകാരി ആരുണ്ട്? കുററവാളികൾ മോക്ഷം കണ്ടെത്തുകയില്ല; തീർച്ച.'' (വിശുദ്ധ ഖുർആൻ: 10.15–17)

അറേബ്യൻ ജീവിതത്തെയാകെ കീഴ്മേൽ മറിച്ച ഖുർആനിക ജീവിത ദർശനം ഖുർആനിന്റെ അമാനുഷികത കൊണ്ടും അതിന്റെ സന്ദേശവാഹകനായ മുഹമ്മദ് നബിയുടെ വ്യക്തിത്വത്തിന്റെ അതുല്യത കൊണ്ടും മാത്രമാണ് സാവധാനത്തിലെങ്കിലും പക്വമതികളായ പലരെയും ആകർഷിച്ചത്. അബൂബക്കർ (റ)–അദ്ദേഹമായിരുന്നു മുഹമ്മദീയ പ്രവാചകത്വവും ഖുർആനിന്റെ ദൈവികതയും അംഗീകരിച്ച ആദ്യത്തെ പുരുഷൻ–വീട്ടുമുററത്തിരുന്നു ഖുർആൻ പാരായണം ചെയ്യുമ്പോൾ അത് കേൾക്കാൻ അനേകം പേർ സന്നിഹിതരാകുമായിരുന്നു. അവരിൽ പലരും ഖുർആനിൽ ആകൃഷ്ടരായി ഇസ്ലാം മതമാശ്ലേഷിച്ചു ഇത് അബൂബക്കറി (റ) നോട് അറബിപ്രമാണിമാർക്ക് കടുത്ത ഈർഷ്യ തോന്നാൻ കാരണമായി.

എന്നാൽ 'പുത്തൻ മത'ത്തിന്റെ ബദ്ധവൈരികളായിരുന്ന അറേബ്യൻ യാഥാസ്ഥിതികന്മാർക്ക് പോലും വിശുദ്ധ ഖുർആനിന്റെ മാസ്മരികപ്രഭാവം കണ്ടില്ലെന്ന് നടിക്കാൻ കഴിഞ്ഞില്ല. ഖലീദുബ്നുമുഗീറ എന്ന ഖുറൈശി പ്രമാണിയുടെ കാര്യം ഇതിന്നു തെളിവാണ്. അദ്ദേഹം ഒരിക്കൽ നബി (സ) യുടെ അടുത്തു ചെന്നു. നബി (സ) അദ്ദേഹത്തെ ഏതാനും ഖുർആൻ വചനങ്ങൾ കേൾപ്പിച്ചു. അയാൾക്കത് ഹൃദ്യമായി അനുഭവപ്പെട്ടപോലെ തോന്നി. ഈ വിവരം മറെറാരു പ്രമാണിയായ അബൂജഹൽ കേട്ടു. അയാൾക്കത് രസിച്ചില്ല. അബൂജഹൽ വലീദിന്റെ അടുത്തു ചെന്നിട്ട് പറഞ്ഞു: എന്റെ പിതൃവ്യാ, താങ്കൾ മുഹമ്മദിന്റെ അടുത്തു ചെന്ന് അയാളുടെ വാക്കുകൾക്ക് വശംവദനാകാതെ കഴിക്കാമെങ്കിൽ താങ്കളുടെ നാട്ടുകാർ താങ്കൾക്ക് പണം ശേഖരിച്ചു തരാൻ പോലും തയ്യാറാണ്. വലീദ് പ്രതിവചിച്ചു. ഖുറൈശ് ഗോത്രത്തിന്നറിയാമല്ലോ ഞാനാണ് അവരിൽ ഏററവും സമ്പന്നനെന്ന്. അബൂജഹൽ

പറഞ്ഞു: അത് ശൊണ്ടായില്ല, താങ്കൾ ഒരു പ്രസ്താവന നടത്തണം. മുഹമ്മദിനെ താങ്കൾ വെറുക്കുന്നുവെന്ന് അതിൽ നിന്ന് വ്യക്തമാവണം. വലീദിൻെറ പ്രതികരണം ഇങ്ങനെയായിരുന്നു: ഞാനെന്താണ് പറയുക? ദൈവത്തെയാണ,- കവിതയുടെ അവാന്തര വിഭാഗങ്ങളെപ്പററി എന്നെക്കാൾ അറിയാവുന്ന ആരും നിങ്ങളുടെ കൂട്ടത്തിലില്ല. ദൈവത്തെയാണ മുഹമ്മദ് പറയുന്നത് ഈ കൂട്ടത്തിലൊന്നും പെട്ടതല്ല, ദൈവത്തെയാണ, അവനീ പറയുന്ന വാക്കിന് മധുരിമയുണ്ട്, മോടിയുണ്ട്, അത് അടിമുതൽ മുടിവരെ സുഫലമാണ്, സമൃദ്ധമാണ്, അത് ഉയരും, അതിനെ മറി കടക്കാനാവില്ല, അതിന് താഴെയുള്ളതൊക്കെ അത് തട്ടിത്തകർക്കും. അബൂജഹൽ പറഞ്ഞു: മുഹമ്മദിനെ വിമർശിച്ചുകൊണ്ട് പ്രസ്താവന നടത്താതെ നാട്ടുകാർക്ക് താങ്കളെപററി തൃപ്തി വരുകയില്ല. വലീദ് ആലോചിക്കാൻ അല്പം സമയം ചോദിച്ചു. അനന്തരം അയാൾ പ്രഖ്യാപനം നടത്തി ''ഇതൊരു ജാലവിദ്യ മാത്രമാകുന്നു''. വലീദിൻെറ ഈ അവസരവാദം വിശുദ്ധ ഖുർആൻ 74-ാം അദ്ധ്യായത്തിൽ തൊലിയുരിച്ചു കാണിച്ചിട്ടുണ്ട്.

ഖലീഫ ഉമ്മർ (റ) ഇസ്ലാംമതം ആശ്ലേഷിച്ച സംഭവം ചരിത്രപ്രസിദ്ധമാണ്. നബി (സ) യെ വധിക്കുവാൻ വേണ്ടി വാളുമേന്തി പുറപ്പെട്ട ഉമറിന് (റ) വഴിമദ്ധ്യേ വിശുദ്ധ ഖുർആൻെറ ഏതാനും ഭാഗങ്ങൾ കേൾക്കാൻ ഇടയായതോടെ മാനസാന്തരമുണ്ടാവുകയാണ് ചെയ്തത്.

മുഹമ്മദ് നബി (സ) യുടെയും അനുചരന്മാരുടെയും ജീവിതത്തിൻെറ വിവിധമുഖങ്ങളോടും ഭാവങ്ങളോടും സമുചിതമായി സംവദിക്കുന്നതായിരുന്നു ഓരോ സന്ദർഭത്തിലും ദൈവത്തിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ട വചനങ്ങൾ. പ്രതിസന്ധിയുടെ ഓരോ ഘട്ടത്തിലും ദൈവിക സന്ദേശം അവരെ പരിഹാരത്തിലേക്ക് നയിച്ചു. സംശയത്തിൻെറ വേളകളിൽ അതവർക്ക് സുനിശ്ചിതധാരണകൾ നൽകി. അഗ്നിപരീക്ഷണങ്ങൾക്ക് മുമ്പിൽ അതവർക്ക് ആത്മവീര്യം പകർന്നു. അ

വരുടെ ജീവിത വീക്ഷണത്തിന് അത് അർത്ഥവും പ്രസക്തിയും കൈവരുത്തി. നാഗരികതകളുടെ ഉയർച്ചതാഴ്ചകളെ പററിയുള്ള പാഠങ്ങളിലൂടെ അതവർക്ക് സാർവകാലിക സാർവലൗകിക ധാരണ നൽകി. സ്വേച്ഛാധിപതികളുടെ പതനത്തിന്റെയും സാത്വികന്മാരുടെ ഐതിഹാസിക വിജയങ്ങളുടെയും ദൃഷ്ടാന്തങ്ങളിലൂടെ അതവരിൽ ആത്മബോധവും ഉത്കർഷേച്ഛയും വളർത്തി.

## ഖുർ ആൻ സൃഷ്ടിച്ച അത്ഭുതം

ഖുർആന്നു മുമ്പും ഖുർആന്നു പിമ്പുമുള്ള അറേബ്യൻ ജനതയേപ്പററി വസ്തുനിഷ്ഠമായ ഒരു നിരീക്ഷണം ചരിത്രത്തിൽ തുല്യതയില്ലാത്ത പരിവർത്തനമാണ് ഖുർആൻ ഉളവാക്കിയത് എന്ന് നമ്മെ ബോധ്യപ്പെടുത്തും. വിശുദ്ധ ഖുർആൻ അവതരിച്ചു തുടങ്ങുമ്പോൾ അഥവാ ഖുർആനിലെ ആദ്യവചനം വായിച്ചു കേൾപ്പിക്കപ്പെട്ടപ്പോൾ അറബികളുടെ നില അത്യന്തം ശോചനീയമായിരുന്നു. സാമ്പത്തികമായിട്ടും ഭദ്രമായിരുന്നില്ല അവരുടെ നില. കണ്ണെത്താത്ത മണൽപരപ്പിനിടയ്ക്ക് അപൂർവ്വമായി തഴച്ചുനിൽക്കുന്ന മരുപ്പച്ചകൾ കൊച്ചു ഗോത്രങ്ങൾക്കുപോലും സാമ്പത്തിക സ്വയംപര്യാപ്തത നൽകുമായിരുന്നില്ല. വ്യാപാര സൗകര്യങ്ങൾ അംഗുലീ പരിമിതമായ പട്ടണങ്ങളിലുള്ളവർക്ക് മാത്രമേ സുസ്ഥിതി നൽകുമായിരുന്നുള്ളു. കാലാവസ്ഥയുടെ പ്രാതികൂല്യം നിമിത്തം സ്ഥിരവാസമോ നിയതമായ കൃഷിസമ്പ്രദായമോ പ്രാകൃത അറബികൾക്ക് വിധിക്കപ്പെട്ടതായിരുന്നില്ല. വിദ്യാഭ്യാസം, ചികിൽസ, സാങ്കേതിക വിദ്യകൾ തുടങ്ങിയ രംഗങ്ങളിലൊക്കെ പൂജ്യം ഡിഗ്രിയിൽ തന്നെയായിരുന്നു അവർ. രാഷ്ട്രീയമായോ സൈനികമായോ അവർ സംഘടിതരായിരുന്നില്ല. ഓരോ ഗോത്രത്തേയും സാമൂഹ്യമായി ഉത്തേജിപ്പിച്ചിരുന്ന ശക്തി തങ്ങളുടെ പിതാക്കളും പ്രപിതാക്കളും നടത്തിയ വീരപരാക്രമങ്ങളുടെ കോരിത്തരിപ്പിക്കുന്ന കഥകളായിരുന്നു. ആ കഥകൾ കേട്ടുവളർന്ന പുതിയ തലമുറയ്ക്ക് ശത്രുഗോത്രങ്ങളുമായി

ഏറ്റുമുട്ടുവാൻ പറയത്തക്ക കാരണമൊന്നും വേണമെന്നില്ലായി രുന്നു. അവരുടെ മതങ്ങൾ അബദ്ധജടിലമായ അന്ധവിശ്വാസങ്ങളിലും ആത്മാവ് നഷ്ടപ്പെട്ട ആചാരങ്ങളിലും ഒതുങ്ങിനിന്നു ഈ അവസ്ഥ ശത്രുക്കൾ നന്നായി ചൂഷണം ചെയ്തു. എത്യോപ്യയും പേർഷ്യയും റോമക്കാരുമെല്ലാം. വിവിധ അറബ് മേഖലകളുടെമേൽ പ്രത്യക്ഷമായോ പരോക്ഷമായോ ആധിപത്യം ഉറപ്പിച്ചിരുന്നു. ഇനി ഈ കാലഘട്ടത്തിൽ മററു ദേശങ്ങളുടെയും രാഷ്ട്രങ്ങളുടെയും സ്ഥിതി നോക്കാം.

ശാസ്ത്രം, ദർശനം, ചരിത്രം തുടങ്ങിയ വിഷയങ്ങളിൽ ലോകത്തിന് തന്നെ നേതൃത്വം നൽകാൻ മാത്രം വളർന്നവരായിരുന്നു അന്നത്തെ ഗ്രീക്കുകാർ. അന്നത്തെ അലക്സാൻഡ്രിയ (ഈജിപ്ത്) ഏഷ്യനാഫ്രിക്കൻ മേഖലയിലെ ഏററവും വലിയ സാംസ്കാരിക കേന്ദ്രമായിരുന്നു. നൂററാണ്ടുകളുടെ രാഷ്ട്രീയ നായകത്വം മാത്രമല്ല അന്നത്തെ റോമൻ സാമ്രാജ്യത്തിനുണ്ടായിരുന്നത്. ശാസ്ത്രസാങ്കേതിക രംഗങ്ങളിലും റോമാക്കാർ അതികായന്മാർ തന്നെയായിരുന്നു. ദാർശനികന്മാരുടെയും മതാചാര്യൻമാരുടെയും നാടായിരുന്ന പേർഷ്യ രാഷ്ട്രീയ രംഗത്ത് റോമിന്നു സമശീർഷമായിരുന്നു. അന്നത്തെ ഇന്ത്യക്കാർ ഗണിതശാസ്ത്ര തർക്കശാസ്ത്ര രംഗങ്ങളിലും മതദാർശനിക മേഖലകളിലും ഔന്നത്യംപ്രാപിച്ചവരായിരുന്നു.

എന്നിട്ട് ഖുർ ആൻ എന്താണ് ചെയ്തത്? വന്ധ്യവും ഊഷരവുമായ മരുഭൂമിയുടെ മക്കളെ സംസ്കാരങ്ങളെ വെല്ലുന്ന ഒരു പുതിയ സംസ്കാരത്തിൻെറ വാഹകന്മാരാക്കി, ഗോത്ര കലഹങ്ങളിൽ തമ്മിൽ തല്ലിത്തകർന്നിരുന്ന ഒരു ജനതയെ ഏക ദൈവത്തിൻെറ ഏകമനസ്സുള്ള ദാസന്മാരാക്കി മാററിയെടുത്തു. ഭൂതപ്രേതാദികളെ മാത്രമല്ല പ്രമാണികളെയും പോക്കിരികളെയും ഭയന്നു ചൂളുവാൻ വിധിക്കപ്പെട്ട ഒരു പീഡിത വർഗത്തെ സാമ്രാജ്യങ്ങളെ പ്രകമ്പനം കൊള്ളിക്കുന്ന ജേതാക്കളായി ഉയർത്തി, ചിട്ടയും ചട്ടങ്ങളുമില്ലാത്ത അറബ് ജീവിതത്തിന്, യുഗാന്തരങ്ങൾക്കിപ്പുറവും ശബളിമ നഷ്ടപ്പെടാത്ത ഒരു നിയമ വ്യവസ്ഥ

നൽകി. പാപ പുണ്യങ്ങളെ പററിയോ ധർമ്മാധർമ്മങ്ങളെപ്പററിയോ ധാരണയില്ലാത്ത, ജീവിതാവേശത്താൽ മാത്രം നയിക്കപ്പെട്ടിരുന്ന ഒരു ജനതയെ അത് താളം തെററാത്ത ധർമ്മനിഷ്ഠമായ ജീവിതപാതയിലേക്ക് നയിച്ചു. ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ ഖുർആനിക ജീവിത ദർശനത്തിന് ഒരു ജനതയെ മഹത്വത്തിൻെറ എത്രമാത്രം ഉന്നതമായ ശിഖരങ്ങളിലേക്ക് നയിക്കാൻ കഴിയുമെന്ന് ലോകം അന്നുകണ്ടു. പ്രാകൃതാവസ്ഥയിൽ നിന്ന് വിശുദ്ധ ഖുർആൻ വളർത്തിയെടുത്ത, അറേബ്യൻ മണലാരണ്യത്തിൻെറ ഊഷരതയിൽ നിന്ന് മുഹമ്മദ് നബി (സ) വാർത്തെടുത്ത, ദൈവത്താൽ കൂട്ടിയിണക്കപ്പെട്ട ആ ജനവിഭാഗത്തിൻെറ ആർജവവും ആത്മവീര്യവും കണ്ട് അമ്പരന്നു നിൽക്കാനേ റോമൻ- യവന- പേർഷ്യൻ- ഭാരതീയ നാഗരികതകളുടെ നായകന്മാർക്ക് അന്ന് കഴിഞ്ഞുള്ളൂ. വിശുദ്ധ ഖുർആൻെറ ദൈവികത അംഗീകരിക്കാൻ മടിയുള്ള ചരിത്രകാരന്മാർപോലും ഏഴാം നൂററാണ്ടിൽ സാംസ്കാരിക- സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലാകെ വിസ്മയാവഹവും ഐതിഹാസികവുമായ മുന്നേററം നടത്തിയ അറബികളുടെ മുന്നിൽ മിഴിച്ചു നിന്നിട്ടുണ്ട്. മുഹമ്മദ് നബിയെപററി പുലഭ്യം പറയാൻ മടിക്കാത്ത എച്ച്.ജി.വെത്സ്പോലും ഖുർആൻെറ അനുയായികൾ അന്ന് നടത്തിയ ചരിത്രത്തിൽ തുല്യതയില്ലാത്ത ജൈത്രയാത്രയെപ്പററി എടുത്തു പറയാൻനിർബന്ധനായിട്ടുണ്ട്.

## ഖുർആൻ എന്തുകൊണ്ട് അതുല്യം?

വൈജ്ഞാനിക വിസ്ഫോടനം എന്ന് വിളിക്കപ്പെടുന്ന പ്രതിഭാസം ലോകത്ത് അത്ഭുതങ്ങൾ വിരിയിച്ചു കൊണ്ടിരിക്കുന്ന ഈ കാലത്ത് ഏഴാം നൂററാണ്ടിലെ ഒരു അറബി ഗ്രന്ഥത്തിൻെറ അതുല്യതയെപററി പറയുന്നത് ചിലർക്ക് പരിഹാസ്യമായി തോന്നിയേക്കാം. നോബൽ സമ്മാനം നേടിയ സാഹിത്യ കൃതികളുടെയും ശാസ്ത്രസിദ്ധാന്തങ്ങളുടെയും മുമ്പിൽ ഒരു മതഗ്രന്ഥത്തിൻെറ പ്രസക്തി പാടേ നിഷേധിക്കുന്നവരുമുണ്ടായേക്കാം.

എന്നാൽ ലക്ഷണയുക്തമായ ഒരു ഗ്രന്ഥത്തെപററിയുള്ള ദൈവിക വിഭാവനയുടെ അടിസ്ഥാനത്തിൽ വിശുദ്ധ ഖുർ

ആന്റെ അയലത്ത് നിൽക്കാൻ യോഗ്യമായ ഒരു കൃതിപോലും ആധുനിക യുഗത്തിൽ വെളിച്ചം കണ്ടിട്ടില്ലെന്നു് സൂക്ഷ്മ വിശകലനത്തിൽ വ്യക്തമാകും. ഒരു ഗ്രന്ഥം ലക്ഷണയുക്തമാകാൻ എന്ത് വേണം?

''ആ ഗ്രന്ഥം—സംശയലേശമെന്യേ—ധർമ്മനിഷ്ഠർക്ക് മാർഗദർശകമത്രെ''. (വിശുദ്ധ ഖുർആൻ 2:1)

ജീവിതത്തിന്റെ നേർക്ക് രണ്ടു തരം വീക്ഷാഗതികൾ വെച്ചു പുലർത്തുന്നവരുണ്ട്. ഒന്ന്, ജന്തുസഹജമായ വ്യഗ്രതയോടെ ജീവിത സുഖങ്ങൾ വാരിക്കൂട്ടുവാൻ ശ്രമിക്കുന്നവർ. ഏററവും ആസ്വാദ്യമായ ആഹാരപാനീയങ്ങളും, ശ്രാവ്യ ദൃശ്യമനോഹാരിതകളും, ലൈംഗിക ചേഷ്ടകളുമായിരിക്കും അവരുടെ ജീവിത വീക്ഷണത്തിൽ മികച്ചു നിൽക്കുന്നത്. സ്വന്തം താല്പര്യത്തിനുതകുന്നതായി തോന്നുന്നതെല്ലാം അവർക്ക് യുക്തമായിരിക്കും. രണ്ട്, അതിരും എതിരുമില്ലാത്ത ജീവിത തൃഷ്ണ അപകടത്തിലേക്കേ നയിക്കുകയുള്ളുവെന്നും. ജീവിതം ധാർമികതയുടെ ചട്ടക്കൂട്ടിൽ ക്രമീകരിച്ചെങ്കിലേ മഹത്വം കൈവരിക്കാനാകൂ എന്നും മനസ്സിലാക്കിയവർ. ഒന്നാമത്തെ വിഭാഗത്തെ നയിക്കുന്നത് ക്ഷണിക വികാരങ്ങളും ലാഭേച്ഛയുമാണെങ്കിൽ രണ്ടാം വിഭാഗത്തെ നയിക്കുന്നത് വിവേകവും ദീർഘദൃഷ്ടിയുമായിരിക്കും.

വിവേകശാലികളായ ഈ വിഭാഗം എപ്പോഴും ധർമത്തിന്റെ വെളിച്ചം തേടുന്നവരായിരിക്കും 'ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്' എന്നതായിരിക്കും അവരുടെ മുദ്രാവാക്യം. ഇത്തരക്കാർക്ക് വഴികാട്ടാൻ സാധിക്കുന്നത് എന്ന് നിസ്സന്ദേഹം അവകാശപ്പെടാവുന്ന ഗ്രന്ഥം ഏതുണ്ട്? ഇതാണ് പ്രശ്നം. വിശുദ്ധഖുർആൻ അവകാശപ്പെടുന്നു; മനുഷ്യരുടെ വാഗ്‌വിചാരകർമ്മങ്ങൾ അധർമ്മത്തിലേക്ക് വ്യതിചലിക്കുമ്പോൾ അവരെ വീണ്ടെടുത്ത് ധർമ്മത്തിന്റെ വെളിച്ചത്തിലേക്ക് ആനയിക്കാൻ അതിനു സാധിക്കുമെന്നതിൽ സംശയത്തിനവകാശമില്ലെന്നു്.

വേറെ ഏത് ഗ്രന്ഥത്തിന് ഇങ്ങനെ അവകാശപ്പെടാനാകും? മതദാർശനിക വിഷയങ്ങളിലും, ശാസ്ത്ര-സാഹിത്യവിഭാഗങ്ങളിലുമായി കോടാനുകോടി ഗ്രന്ഥങ്ങൾ വിവിധ ഭാഷകളിലായി ലോകത്തുണ്ടെന്നത് ശരിയാണ് അവയൊക്കെ ആളുകൾക്ക് അറിവും അനുഭൂതികളും പകർന്നുകൊടുക്കുന്നുമുണ്ട് എന്നാൽ അറിവിനേക്കാളും അനുഭൂതിയേക്കാളും ഉന്നതമായ സന്മാർഗചിന്ത നൽകുന്നതിൽ അവയ്ക്ക് എത്രമാത്രം സമഗ്രതയും സമ്പൂർണ്ണതയും അവകാശപ്പെടാനാകും? ബൈബിളും ഗീതയും സെന്ത് അവെസ്തയും മററും മതഗ്രന്ഥങ്ങളെന്ന നിലയിൽ ഈ രംഗത്ത് ചിലതൊക്കെ ചെയ്യുന്നുണ്ട്. എന്നാൽ ദൈവിക ദീപ്തിയുമായി മനുഷ്യ മനസ്സിനെ സദാ ബന്ധിപ്പിച്ചുകൊണ്ട് ജീവിതത്തെ ആമൂലാഗ്രം സംസ്കരിക്കുവാനുള്ള സമഗ്രമായ നിയമ നിർദേശങ്ങൾ അവ ഉൾക്കൊള്ളുന്നില്ലെന്ന് സരളമായ താരതമ്യം കൊണ്ടു തന്നെ സ്പഷ്ടമാകും.

ഖുർആൻ കേവലം ചില പൂജാക്രമങ്ങളും, പ്രാർത്ഥന-സങ്കീർത്തനങ്ങളും അടങ്ങുന്ന ഗ്രന്ഥമല്ല. മനുഷ്യജീവിതത്തെ ഗ്രസിക്കാവുന്ന എല്ലാ തിൻമകളെപ്പററിയും വ്യക്തമായ താക്കീത് അതിൽ അടങ്ങിയിട്ടുണ്ട്. കുററവാളികളെ കാത്തിരിക്കുന്ന ദൈവിക ശിക്ഷയും, കുററകൃത്യങ്ങൾക്ക് ഭരണകൂടം നൽകേണ്ട ഭൗതികശിക്ഷയും വിശുദ്ധഖുർആൻ വിവരിക്കുന്നു. ഇടപാടുകൾ വിശ്വസ്തതയോടെ നടത്തുവാനുള്ള ധാർമ്മിക മാർഗദർശനവും, പണമിടപാടുകളിൽ കക്ഷികൾ തമ്മിൽ തർക്കങ്ങൾ ഉൽഭവിക്കാതിരിക്കുന്നതിനുവേണ്ട പ്രായോഗിക നിർദ്ദേശങ്ങളും ഒരുപോലെ ഖുർആൻ ഉൾക്കൊള്ളുന്നു. വിവാഹം സുദൃഢമായകരാർ എന്ന നിലയിൽ കാത്തുസൂക്ഷിക്കാനുള്ള ധാർമീകോൽ ബോധനവും, കുടുംബവഴക്കുകൾ രമ്യമായി പറഞ്ഞുതീർക്കുന്നതിനുള്ള പ്രായോഗിക നടപടിക്രമങ്ങളും ഖുർആനിൽ കാണാം. ആരാധനാക്രമങ്ങളെ യാന്ത്രികമായ അനുഷ്ഠാനങ്ങളായിട്ടല്ല വിശുദ്ധഖുർആൻ അവതരിപ്പിക്കുന്നത്. ജീവിതത്തെ സ്വച്ഛവും നിർമലവും അവക്രമവുമായി നിലനിർത്താൻ സഹായിക്കുന്ന ധാർമിക പ്രചോദനോപാധികളെന്ന

നിലയിലാണ് നമസ്കാരം (പ്രാർത്ഥന), സകാത്ത് (നിർബ്ബന്ധ ദാനം) വ്രതം, ഹജ്ജ് (മക്കയിലേക്കുള്ള തീർത്ഥാടനം) എന്നീ കാര്യങ്ങളെ ഖുർആൻ അവതരിപ്പിക്കുന്നത്. വികാരവിചാരങ്ങളെ ശുദ്ധമാക്കാത്ത, സ്വാർത്ഥം നീക്കാത്ത, സേവന മനസ്ഥിതി വളർത്താത്ത യാന്ത്രികമായ നമസ്കാരം (പ്രാർത്ഥന) നാശത്തിനേ ഉതകൂ എന്ന് ഖുർആൻ താക്കീത് നൽകുന്നു. ലൈംഗിക അരാജകത്വത്തിനെതിരിൽ മാത്രമല്ല, അപവാദ പ്രചാരണത്തിനെതിരിലും സ്വഭാവഹത്യക്കെതിരിലും കൂടി സമരം പ്രഖ്യാപിച്ചുകൊണ്ട് ഉള്ളും പുറവും ഒരുപോലെ ശുദ്ധമായ സമൂഹത്തിന്റെ സൃഷ്ടിക്ക് ആവശ്യമായ ഉപാധികൾ ഖുർആൻ വരച്ചുകാട്ടുന്നു.

## ഭൗതികവും അഭൗതികവും

ഭൗതിക പ്രപഞ്ചത്തിൽ മനുഷ്യൻ കണ്ടെത്തുന്ന ജന്തുക്കൾക്കോ സസ്യങ്ങൾക്കോ നിർജ്ജീവ പദാർത്ഥങ്ങൾക്കോ തെററ് ചെയ്യാൻ കഴിയില്ല, വഞ്ചിക്കാനാവില്ല, കള്ളം പറയാൻ സാധിക്കില്ല, അധർമ്മം പ്രവർത്തിക്കാൻ അവയ്ക്കൊന്നും സ്വാതന്ത്ര്യമില്ല. ഓരോന്നും അവയുടെ ധർമ്മം യഥാവിധി നിർവ്വഹിക്കുന്നു. മനുഷ്യൻ ഇതിൽ നിന്നെല്ലാം വ്യത്യസ്തനത്രെ. സ്വതന്ത്രമായ ചിന്ത, സ്വതന്ത്രമായ വാക്ക്, സ്വതന്ത്രമായ പ്രവർത്തനം അതത്രെ അവന്റെ സവിശേഷത. ഭൗതിക ലോകത്ത് മനുഷ്യന് മാത്രം ലഭിച്ച ഈ സ്വാതന്ത്ര്യത്തെ പററി അവൻ ശരിയാം വണ്ണം ചിന്തിച്ചാൽ അവന്റെ അസ്തിത്വപരമായ ബാദ്ധ്യതകൾ അവന് കണ്ടെത്താനാകും. പ്രകൃത്യാ അധർമ്മം പ്രവർത്തിക്കാൻ സ്വാതന്ത്ര്യമില്ലാത്ത സൃഷ്ടികൾക്ക് മാർഗദർശനത്തിന്റെ ആവശ്യമില്ല. അഥവാ അവയുടെ പ്രകൃതിയോടൊപ്പം അവയുടെ മാർഗവും നിർണയിക്കപ്പെട്ടിരിക്കുന്നു. അധർമ്മം പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുള്ള മനുഷ്യന് മാർഗദർശനം വേണം. ഭൗതികജ്ഞാനം നേർവഴികാണിക്കാൻ പര്യാപ്തമാവില്ല. വിവാഹമാണോ വ്യഭിചാരമാണോ മനുഷ്യധർമമെന്ന് ഭൗതിക ശാസ്ത്രം പഠിപ്പിക്കുന്നില്ല. നീതിയോ അനീതിയോ സത്യമോ അസത്യമോ, കാരുണ്യമോ ക്രൂരതയോ എതാണ് ധർമമെന്ന് ഭൗതികമായി തെളിയിക്കുക സാധ്യമല്ല.

ഭൗതിക പ്രപഞ്ചത്തെ പററി പഠിക്കാൻ ദൈവം മനുഷ്യനു നൽകിയ കഴിവുകൾ ഖുർആൻ ചിന്തോദ്ദീപകമാം വിധം ചൂണ്ടിക്കാട്ടുന്നുണ്ട്. മനനം, വചനം, ലേഖനം എന്നീ മാനവിക കഴിവുകളെ ദൈവത്തിൻെറ അമൂല്യമായ അനുഗ്രഹങ്ങളെന്ന നിലയിൽ ഖുർആൻ അവതരിപ്പിക്കുകയും, ആ കഴിവുകൾ ദാനം ചെയ്തതിന് സ്രഷ്ടാവിനോട് നന്ദി പ്രകടിപ്പിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

എന്നാൽ സത്യവും അസത്യവും വിവേചിച്ചറിയേണ്ട നിർണായക രംഗങ്ങളിൽ അഭൗതിക കേന്ദ്രത്തിൽ നിന്ന്-പ്രപഞ്ചനാഥനിൽ നിന്ന്-മാർഗദർശനം ലഭിച്ചെങ്കിലല്ലാതെ മനുഷ്യന് നേർവഴി കണ്ടെത്താനാവില്ല. കാലാകാലങ്ങളിൽ വിവിധ മേഖലകളിൽ നിയുക്തരായ പ്രവാചകന്മാരിലൂടെ അല്ലാഹു മനുഷ്യർക്ക് അഭൗതികമായ മാർഗദർശനം നൽകി. ആ മാർഗദർശനം സ്വീകരിച്ചവർക്ക് അവരുടെ ജീവിതത്തെ വിശുദ്ധമായി കാത്തു സൂക്ഷിക്കാൻ സാധിച്ചു. സ്വന്തം അറിവിൽ അഹങ്കരിച്ചവർക്ക് അധർമ്മങ്ങളിലൂടെ അധഃപതിക്കാനായിരുന്നു വിധി. ധാരാളം ചരിത്ര സംഭവങ്ങളുടെയും, ജീവിത ദൃഷ്ടാന്തങ്ങളുടെയും വെളിച്ചത്തിൽ ഖുർആൻ ഈ വസ്തുത സമർത്ഥിക്കുന്നു.

മാർഗദർശനം പ്രയോജനപ്പെടണമെങ്കിൽ ഖുർആൻ ചൂണ്ടിക്കാണിക്കുന്ന അനിവാര്യ ഉപാധി മനുഷ്യൻ ഗൈബിൽ (അഭൗതിക സത്യങ്ങളിൽ) വിശ്വസിക്കണമെന്നുള്ളതാണ്. മനുഷ്യന് സ്വന്തം ജ്ഞാനത്തിൽ മതിപ്പുണ്ടാകണമെന്ന് തന്നെയാണ് ഖുർആൻ പഠിപ്പിക്കുന്നത്. അതോടൊപ്പം സർവ്വജ്ഞനായ ദൈവത്തിൻെറ ആത്യന്തിക ജ്ഞാനത്തിൻെറ സർവോന്നത സ്ഥാനവും മനുഷ്യൻ അംഗീകരിക്കണം. ത്രികാല ജ്ഞാനിയായ ദൈവത്തിന് മാത്രമെ തെററ് പററാത്ത മാർഗനിർദ്ദേശം നൽകാൻ അർഹതയും അവകാശവും ഉള്ളവെന്നതാണ് ഖുർആൻെറ നിലപാട്.

''ആദമിനു'' അവൻ 'പേരു' കളെല്ലാം പഠിപ്പിച്ചു'' (വി ഖു 2:31)
''മനുഷ്യനെ അവൻ സൃഷ്ടിച്ചു. അവന്നു് ആശയ പ്രകാശനം പഠിപ്പിച്ചു'' (വി. ഖു 55:3,4)

''പേന കൊണ്ടു പഠിപ്പിച്ചവൻ, മനുഷ്യനു് അറിഞ്ഞു കൂടാത്തത് അവൻ പഠിപ്പിച്ചു '' (വി. ഖു 96:4,5)

''നിങ്ങൾ ഒരു കാര്യം വെറുത്തേക്കാം. യഥാർത്ഥത്തിൽ അതു് നിങ്ങൾക്ക് ഗുണകരമായിരിക്കും നിങ്ങൾ ഒരു കാര്യം ഇഷ്ടപ്പെട്ടേക്കാം. യഥാർത്ഥത്തിൽ അത നിങ്ങൾക്ക് ദോഷകരമായേക്കും. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല.'' (വി. ഖു 2:216)

''താങ്കൾ പറയൂ; ആത്മാവ് എന്റെ നാഥന്റെ കാര്യത്തിൽ പെട്ടതാകുന്നു. ജ്ഞാനത്തിൽ നിന്ന് അല്പം മാത്രമേ നിങ്ങൾക്ക് നല്കപ്പെട്ടിട്ടുള്ളു '' (വി. ഖു. 17:85)

''നിങ്ങൾക്ക എന്റെ മാർഗദർശനം വന്നെത്തുമ്പോൾ ആ മാർഗദർശനം പിന്തുടരുന്നതാരോ അവർക്ക് ഭയപ്പാടിന്റെ പ്രശ്നമേയില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല '' (വി. ഖു. 2:38)

ഇന്ന് ലോകത്തിനു നേരിട്ട ഏറ്റവും വലിയ ദുരന്തം ഭൗതികജ്ഞാനത്തിന് മാത്രം അംഗീകാരം നല്കുകയും മനുഷ്യനെ നേർവഴിയിലേക്ക് നയിക്കുന്ന ദൈവിക സന്ദേശത്തെ അഗണ്യകോടിയിൽ തള്ളുകയും ചെയ്യുതാണെന്ന് വർത്തമാനകാല സംഭവങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നവർക്ക് വ്യക്തമാകും.

## ചരിത്രം ഖുർആനിൽ

വിശുദ്ധ ഖുർആർ ഒരു ചരിത്ര ഗ്രന്ഥമല്ല. എന്നാൽ മനുഷ്യരാശിയെ ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻവേണ്ടി അവതരിപ്പിക്കപ്പെട്ട ഒരുഗ്രന്ഥത്തിന് ഭൂതകാല ചരിത്രത്തെ അവഗണിച്ചുകൊണ്ട് ഭാവിയെപററി പറയാനാവില്ല. പൂർവ്വകാല പ്രവാചകന്മാരുടെ പ്രബോധത്തിന്റെയും, പ്രവാചകന്മാരുടെ പ്രതിയോഗികളുടെ പ്രതികരണങ്ങളുടെയും ചരിത്രത്തിൽ നിന്ന് പാഠമുൾക്കൊള്ളാൻ സഹായിക്കുകയെന്നതാണ് ഖുർആനിലെ ചരിത്രകഥനത്തിന്റെ ലക്ഷ്യം.

ഖുർആൻ അവതരിക്കുന്ന കാലത്തെ ചരിത്രമെന്നാൽ സത്യത്തെക്കാൾ അസത്യത്തിന് മുൻതൂക്കമുള്ള ഇതിഹാസങ്ങളാ

യിരുന്നു. അറബിക്കഥകളോളമില്ലെങ്കിലും അമിത വർണ്ണനകളുടെയും അതിശയോക്തികളുടെയും കലർപ്പ് ധാരാളം ചേർന്നത് തന്നെയിരുന്നു ബൈബിൾ കഥകളും. എന്നാൽ വിശുദ്ധ ഖുർആന്റെ ചരിത്ര വിവരണം ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. അതിൽ ആധുനിക ചരിത്രവീക്ഷണം വെച്ചു നോക്കിയാൽ തെററാണെന്ന് തെളിയിക്കാവുന്ന കാര്യങ്ങളൊന്നും തന്നെയില്ല. പ്രപഞ്ചോല്പത്തിയെപററിയും മനുഷ്യോല്പത്തിയെപററിയും ബൈബിൾ പഴയ നിയമത്തിലുള്ള അവിശ്വസനീയമായ പരാമർശങ്ങളൊന്നും വിശുദ്ധ ഖുർആനിൽ ഇല്ലെന്ന കാര്യം പ്രസ്താവ്യമാകുന്നു.

ബൈബിളും തൽമൂദും മററും പാരായണം ചെയ്തിട്ട് അതിന്റെ വെളിച്ചത്തിൽ മുഹമ്മദ് നബി സ്വന്തമായി വിരചിച്ചതാണ് വിശുദ്ധ ഖുർആൻ എന്ന വിമർശകന്മാരുടെ വാദത്തിന് ശക്തമായ ഒരു മറുപടി കൂടിയാണ് ഖുർആനിലേയും ബൈബിളിലെയും ചരിത്രപരമായ പരാമർശങ്ങൾ തമ്മിലുള്ള മൗലികമായ അന്തരം.

ഉദാഹരണമായി, ഞായർ മുതൽ വെള്ളികൂടിയുള്ള ആറ് ദിവസങ്ങളിലായി ദൈവം പ്രപഞ്ച സൃഷ്ടി നടത്തിയശേഷം ഏഴാം ദിവസം ജോലിയിൽ നിന്ന് നിവൃത്തനായി വിശ്രമിച്ചുവെന്നും അന്നാണ് ശബ്ബത്ത് എന്നുമാണ് ഉല്പത്തി പുസ്തകത്തിൽ (ബൈബിൾ പഴയ നിയമം) രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വിശുദ്ധ ഖുർആനിൽ പ്രപഞ്ചത്തെ ആറ് 'യൗമു'കളിലായി സൃഷ്ടിച്ചുവെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. (വി. ഖു 7:54, 10:3, 11:7, 25:59, 32:4, 50:38, 57:4) 'യൗം' എന്നാൽ ആഴ്ചയിലെ ഒരു ദിവസമല്ല, അതിദീർഘമായ ഒരു കാലയളവാണെന്നും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. പ്രപഞ്ചത്തെ സൃഷ്ടിച്ചിട്ട് ദൈവം ക്ഷീണിക്കുന്ന പ്രശ്നമേയില്ലെന്നും (അതു കൊണ്ട് തന്നെ വിശ്രമത്തിന്റെ പ്രശ്നവുമില്ല) ഖുർആൻ സ്പഷ്ടമാക്കിയിട്ടുണ്ട്. (വി. ഖു. 46:33)

പ്രവാചകനായ ലൂത്തി (ലോത്ത്) നെപററി ബൈബിൾ

പരാമർശിക്കുന്നത് ഒരു പ്രവാചകന്റെ മഹത്വത്തിനോ സം ധാരണക്കാരന്റെ സത്യതയ്ക്കോ നിരക്കാത്ത വിധത്തിലാണ് ഖുർആൻ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് ലൈംഗിക സ ദാചാരത്തിന്റെ പ്രബോധകനായിട്ടാണ്. യഅ്ഖൂബ് ന ബി (യാക്കോബ്) യെ ബൈബിൾ ചിത്രീകരിക്കുന്നത് ദൈ വവുമായി ഗുസ്തി നടത്തിയ ഒരു വീരപരാക്രമിയായിട്ടാണ്. ഖുർആൻ അദ്ദേഹത്തെപററി വിവരിക്കുന്നത് അത്യന്തം താഴ്മ യോടെ കരഞ്ഞു കലങ്ങിയ കണ്ണുകളുമായി പ്രാർഥിക്കുന്ന ഒരു വിനീത ദാസനായിട്ടാണ്.

പ്രപഞ്ചോല്പത്തി സംബന്ധിച്ചും മനുഷ്യോല്പത്തി സംബ ന്ധിച്ചും ബൈബിളിൽ പരന്നു കിടക്കുന്ന വിചിത്രമായ വിവ രണങ്ങളും കണക്കുകളും വിശുദ്ധ ഖുർആനിലില്ലെന്ന് മാത്രമല്ല ആധുനിക ശാസ്ത്രജ്ഞന്മാരെപോലും അമ്പരപ്പിക്കുന്ന അന്യൂന തയോടുകൂടി വിശുദ്ധ ഖുർആൻ പ്രാപഞ്ചിക പ്രതിഭാസങ്ങളി ലേക്ക് വെളിച്ചം വീശുന്നുണ്ട് എന്നതും വിശുദ്ധ ഖുർആനി ന്റെ അമാനുഷികതയ്ക്ക് ഉത്തമ ദൃഷ്ടാന്തമത്രെ.

## ഖുർആനിക ദൃഷ്ടാന്തങ്ങൾ

വിശുദ്ധ ഖുർആൻ മനുഷ്യ മനസ്സിനോട് സംസാരിക്കുന്ന ത് അത്ഭുതങ്ങൾ കൊണ്ട് അഭ്യാസം കാണിക്കുന്ന ഇതിഹാസ കഥാപാത്രങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടല്ല. ഭൂതപ്രേതാദിക ളെപററിയോ രാക്ഷസാകാരം പൂണ്ട ദുഷ്ടശക്തികളെപററി യോ ഇമ്പാച്ചി പറഞ്ഞുകൊണ്ടുമല്ല. ഏതൊരു ചിന്താശീലനെ യും വിസ്മയിപ്പിക്കുന്ന, കണ്ണും കാതും മനസ്സും തുറന്നു വെക്കാൻ സന്മനസ്സുള്ള ഏതൊരു ജിജ്ഞാസുവിനും കൗതുകമുളവാക്കുന്ന പ്രാപഞ്ചിക പ്രതിഭാസങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് വിശു ദ്ധ ഖുർആൻ ചോദിക്കുന്നു; ഇതൊക്കെ യാദൃച്ഛികമായി സംഭ വിച്ചതാണോ? അലക്ഷ്യമായും അവ്യവസ്ഥിതമായും ഒത്തുകൂ ടിയതാണോ എന്ന്? പ്രാചീന അറേബ്യയിലെ യുക്തിവാ ദികളെ മാത്രമല്ല ആധുനിക യുക്തിവാദികളെയും ഉത്തരം മുട്ടി ക്കുന്നതത്രെ ഖുർആൻ ഉയർത്തിക്കാട്ടുന്ന ദൃഷ്ടാന്തങ്ങൾ. ദൈവ

ത്തിന്റെ അസ്തിത്വത്തിന്നും, അതുല്യമായ കഴിവുകൾക്കും ഖുർആൻ തെളിവ് നിരത്തുന്ന രീതി അത്യന്തം ലളിതവും ഹൃദയാവർജകവുമത്രെ. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

''അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്; അവൻ നിങ്ങളെ മണ്ണിൽ നിന്ന് സൃഷ്ടിച്ചു എന്നത്. എന്നിട്ടാണ് നിങ്ങൾ ഈ പരന്നു കിടക്കുന്ന മനുഷ്യവർഗ്ഗമത്രയുമുണ്ടായത്''.

''അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് നിങ്ങൾക്ക് വേണ്ടി അവൻ നിങ്ങളിൽനിന്ന് തന്നെ ഇണകളെയും സൃഷ്ടിച്ചുവെന്നത് നിങ്ങൾ അവരോടൊത്ത് ശാന്തിയോടെ വസിച്ചിടുവാൻ വേണ്ടി. നിങ്ങൾക്കിടയിൽ അവൻ സ്നേഹവും കാരുണ്യവും ഉളവാക്കുകയും ചെയ്തു. തീർച്ചയായും അതിൽ ചിന്തിക്കുന്ന ആളുകൾക്ക് തെളിവുകളുണ്ട്''

''ഉപരിലോകങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെയും വർണ്ണങ്ങളുടെയും വൈവിധ്യവും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. അറിവുള്ളവർക്ക് അതിൽ തെളിവുകളുണ്ട്, തീർച്ച.

''രാവിലും പകലിലുമുള്ള നിങ്ങളുടെ നിദ്രയും അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ ഉപജീവനം തേടുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ, ശ്രദ്ധിച്ചുകേൾക്കുന്ന ആളുകൾക്ക് അതിൽ തെളിവുകളുണ്ട്; തീർച്ച.

''ഭയവും മോഹവുമുണർത്തിക്കൊണ്ട് അവൻ നിങ്ങൾക്ക് മിന്നൽപ്പിണർ കാണിച്ചുതരുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. ഉപരിലോകത്ത് നിന്നു അവൻ വെള്ളം ചൊരിഞ്ഞുതരികയും നിർജീവാവസ്ഥക്കു ശേഷം ഭൂമിക്ക് ജീവൻ നൽകുകയും ചെയ്യുന്നു തീർച്ചയായും അതിൽ ചിന്തിക്കുന്ന ആളുകൾക്ക് തെളിവുകളുണ്ട്''.

''അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ; ആകാശവും ഭൂമിയും അവന്റെ ശാസനയനുസരിച്ച് നിലനിൽക്കുന്നുവെന്നത്. പിന്നീട് നിങ്ങളെ ഭൂമിയിൽ നിന്നു് (മരണാനന്തരം) അവൻ ഒരു വിളിയങ്ങ് വിളിക്കുമ്പോൾ നിങ്ങളതാ അവങ്കലേക്ക് പുറപ്പെടുന്നു.

''ഉപരിലോകങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അവന്റേതാകുന്നു. എല്ലാവരും അവന്ന് കീഴ്പെട്ട് ജീവിക്കുന്നവരത്രെ.

''അവൻ തന്നെയാകുന്നു സൃഷ്ടികർമ്മം തുടങ്ങുന്നത്. പിന്നീട് അവനതു് ആവർത്തിക്കുന്നു. ആ ആവർത്തനം അവന് കൂടുതൽ എളുപ്പമുള്ളതാകുന്നു. ഉപരിലോകങ്ങളിലെയും ഭൂമിയിലെയും അത്യുന്നതമായ മാതൃക അവൻേറതാകുന്നു. അവൻ പ്രതാപിയും അഭിജ്ഞനുമത്രെ''. (വി. ഖു 30: 20-27)

''ഉപരിലോകങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും, ദിനരാത്രങ്ങളുടെ മാററത്തിലും, ജനോപകാരപ്രദമായ വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും, അല്ലാഹു ഉപരിഭാഗത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് തദ്വാരാ നിർജ്ജീവമായിക്കിടന്നിരുന്ന ഭൂമിക്ക് ജീവൻ നൽകിയതിലും, ഭൂമിയിൽ ജന്തുജാലങ്ങളെ വിന്യസിപ്പിച്ചതിലും, കാററുകളുടെ ഗതിവിപര്യയത്തിലും, ആകാശഭൂമികൾക്കിടയിലൂടെ ആനയിക്കപ്പെടുന്ന കാർമേഘത്തിലും ചിന്തിക്കുന്ന ആളുകൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്; തീർച്ച''. (വി· ഖു 2: 164)

''സത്യനിഷേധികൾ കണ്ടില്ലേ? ഉപരിലോകങ്ങളും ഭൂമിയും ഒട്ടിച്ചേർന്നവയായിരുന്നു. എന്നിട്ട് നാം അവയെ വേർപെടുത്തി. വെള്ളത്തിൽ നിന്ന് എല്ലാ ജൈവവസ്തുക്കളെയും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ? ഭൂമിയിൽ ഉറച്ചുനില്ക്കുന്ന പർവ്വതങ്ങളെ നാം ഉണ്ടാക്കി; അവരെയും കൊണ്ട് അത് (ഭൂമി) ഇളകിപ്പോകാതിരിക്കുവാൻ വേണ്ടി. ആ പർവ്വതങ്ങളിൽ വിശാലമായ പാതകളും നാം ഉണ്ടാക്കി; അവർ വഴി കണ്ടെത്തുന്നതിനുവേണ്ടി.

''ഉപരിഭാഗത്തെ നാം സുരക്ഷിതമായ ഒരു മേൽപുരയാക്കുകയും ചെയ്തു എന്നിട്ടും ഇവയിലടങ്ങിയ തെളിവുകൾ ശ്രദ്ധിക്കാതെ അവർ തിരിഞ്ഞുകളയുകയാകുന്നു!

''അവനാകുന്നു ദിനരാത്രങ്ങളെയും, സൂര്യചന്ദ്രന്മാരെയും സൃഷ്ടിച്ചത്. ഓരോന്നും അതതിൻെറ ഭ്രമണപഥത്തിൽ നീന്തിക്കൊണ്ടിരിക്കുന്നു''. (വി. ഖു. 21: 30-33(

''അവർക്കുള്ള ദൃഷ്ടാന്തം നിർജീവമായ ഭൂമിയാകുന്നു. നാമതിന് ജീവൻ നൽകുകയും അതിൽ നിന്ന് ധാന്യം ഉൽപാദിപ്പിക്കുകയും ചെയ്തു. എന്നിട്ട് അതിൽ നിന്നത്രെ അവർ ഭുജിക്കുന്നത്''.

''അതിൽ നാം ഈത്തപനത്തോട്ടങ്ങളും മുന്തിരിത്തോട്ടങ്ങളും ഉണ്ടാക്കി. അതിൽ നാം നീരുറവകൾ പൊട്ടിച്ചൊഴുക്കുകയും ചെയ്തു.

''അതിൻെറ ഫലങ്ങളിൽ നിന്നു് അവർ ഭുജിച്ചിടുവാൻ. (യഥാർത്ഥത്തിൽ) അവരുടെ കരങ്ങളല്ല അത് ഉണ്ടാക്കിയത്. എന്നിട്ടും അവർ നന്ദികാണിക്കുന്നില്ലേ?

''ഭൂമി മുളപ്പിക്കുന്നവ, അവരുടെ സ്വന്തം ശരീരങ്ങൾ, അവർക്കറിഞ്ഞുകൂടാത്ത മററു വസ്തുക്കൾ—എല്ലാം ഇണകളായി സൃഷ്ടിച്ച സൃഷ്ടികർത്താവ് എത്ര മഹത്വമുള്ളവൻ!''

(വി. ഖു. 36: 33-36)

''ജനങ്ങളേ, നിങ്ങൾക്ക് (മരണാനന്തരമുള്ള) ഉയിർത്തെഴുന്നേൽപിൽ സംശയമാണെങ്കിൽ (ശ്രദ്ധിക്കുക:) നാമാണ് നിങ്ങളെ മണ്ണിൽ നിന്ന് സൃഷ്ടിച്ചത്. പിന്നെ ബീജകണത്തിൽ നിന്ന്. പിന്നെ ഭ്രൂണത്തിൽ നിന്ന്. പിന്നെ രൂപം പൂർണ്ണവും അല്ലാത്തതുമായ മാംസ പിണ്ഡത്തിൽ നിന്ന് എന്നിട്ട് നാം ഉദ്ദേശിക്കുന്ന ഒരു നിർണ്ണിത സമയം വരെ ഗർഭാശയത്തിൽ തങ്ങാൻ വിടുന്നു തുടർന്നു, നിങ്ങളെ നാം ശൈശവാവസ്ഥയിൽ പുറത്തുകൊണ്ടുവരുന്നു. പിന്നെ നിങ്ങൾ പരിപക്വപ്രായത്തിലെത്തുന്നു. നിങ്ങളിൽ ചിലർ (ഇട പ്രായത്തിൽ) ചരമം പ്രാപിക്കുന്നു. ചിലർ അവശ വർദ്ധക്യത്തിലേക്ക് നയിക്കപ്പെടുന്നു. അതെ, പലതും അറിയുമായിരുന്നതിനു ശേഷം ഒന്നും അറിയാത്ത അവസ്ഥയിലേക്ക്''.

(വി. ഖു. 22:5)

''അവൻ നിങ്ങളെ ഒരൊററ സത്തയിൽ നിന്നു സൃഷ്ടിച്ചു. പിന്നെ അതിൽ നിന്ന് തന്നെ അതിൻെറ ഇണയെയും ഉണ്ടാക്കി. നിങ്ങൾക്ക് വേണ്ടി കാലികളിൽ നിന്ന് എട്ടു ഇണകളെയും അവൻ ഒരുക്കിത്തന്നു. നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ ഒന്നിനു പുറകെ ഒന്നായി സൃഷ്ടിപ്പിൻെറ പല ഘട്ടങ്ങളിലായി നിങ്ങളെയവൻ സൃഷ്ടിക്കുന്നു മൂന്ന് ഇരുളുകൾക്കുള്ളിൽ. അവനാകുന്നു നിങ്ങളുടെ നാഥൻ അവന്നാകുന്നു ആധിപത്യം. അവനല്ലാതെ ഒരാരാധ്യനുമില്ല എന്നിട്ടും നിങ്ങളെങ്ങനെ വ്യതിചലിപ്പിക്കപ്പെടുന്നു?'' (വി. ഖു. 39:6)

''അല്ലാഹു നിങ്ങളെ നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ നിന്നു പുറത്തു കൊണ്ടുവന്നത് നിങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിലാണ്. അവനാണ് നിങ്ങൾക്ക് കാതും കണ്ണും മനസ്സുമെല്ലാം നൽകിയത്. നിങ്ങൾ നന്ദിയുള്ളവരായെങ്കിൽ!''

(വി ഖു 16:78)

''ദൈവം നിങ്ങളെ മണ്ണിൽ നിന്നും, തുടർന്ന് ബീജകണത്തിൽ നിന്നും സൃഷ്ടിച്ചു എന്നിട്ട് നിങ്ങളെ അവൻ ഇണകളാക്കി. അവൻെറ അറിവോടെയല്ലാതെ ഒരു സ്ത്രീയും ഗർഭം ധരിക്കുന്നില്ല പ്രസവിക്കുന്നുമില്ല. രേഖയിലുള്ളതനുസരിച്ചല്ലാതെ ഒരാൾക്കും ദീർഘായുസ്സ് നൽകപ്പെടുകയോ അൽപായുസ്സാക്കപ്പെടുകയോ ഇല്ല. തീർച്ചയായും അത് ദൈവത്തിന് എളുപ്പമാകുന്നു.

''രണ്ട് ജലാശയങ്ങൾ തുല്യമാവുകയില്ല. ഒന്ന് ശുദ്ധവും സ്വച്ഛവും സുഖദവും. മറ്റൊന്ന് ഉപ്പുരസവും ദുസ്വാദുമുള്ളത്. എന്നാൽ രണ്ടിൽ നിന്നും മാർദവമുള്ള പുത്തൻമാംസം നിങ്ങൾക്ക് ഭക്ഷിക്കാൻ കിട്ടുന്നു. നിങ്ങൾക്ക് ആഭരണമായി അണിയാനുള്ളത് പുറത്തെടുക്കാനും കഴിയുന്നു. കപ്പൽ അതിലൂടെ ജലോപരിതലം കീറിമുറിച്ച് നീങ്ങുന്നതും കാണാം. നിങ്ങൾ അവന്റെ അനുഗ്രഹത്തിൽ നിന്നും തേടുവാൻ വേണ്ടിയും നിങ്ങൾ നന്ദിയുള്ളവരായിരിക്കാൻ വേണ്ടിയും.

''അവൻ രാത്രിയെ പകലിൽ വിലയിപ്പിക്കുന്നു. പകലിനെ രാത്രിയിലും, അവൻ സൂര്യനെയും ചന്ദ്രനെയും കീഴ്പെടുത്തിയിരിക്കുന്നു. ഓരോന്നും നിശ്ചിതപരിധിയിലേക്ക് സഞ്ചരിക്കുന്നു. അവനത്രെ നിങ്ങളുടെ നാഥനായ ദൈവം. അവന്നാകുന്നു ആധിപത്യം. അവന് പുറമെ നിങ്ങൾ പ്രാർത്ഥിക്കുന്നവരാരും ഒരു ഈത്തപ്പനക്കുരുവിന്റെ പാടപോലും അധീനപ്പെടുത്തുന്നില്ല'' (വി. ഖു 35: 11-13)

''ഭൂമിയെ നാം വിശാലമാക്കുകയും അതിൽ ഉറച്ചുനിൽക്കുന്ന പർവതങ്ങൾ സ്ഥാപിക്കുകയും, എല്ലാം സന്തുലിതമായിക്കൊണ്ട് അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു.

''നിങ്ങൾക്കും നിങ്ങൾ ആഹാരം നൽകി വളർത്തുന്നതല്ലാത്ത ജീവികൾക്കും വേണ്ടി നാമതിൽ ഉപജീവനമാർഗങ്ങൾ ഒരുക്കിയിരിക്കുന്നു, ''ഏതൊരു വസ്തുവിന്റെയും ഖജനാവുകൾ നമ്മുടെ പക്കൽ മാത്രമാകുന്നു നിശ്ചിതമായ അളവനുസരിച്ച് മാത്രമേ നാമത് നൽകുകയുള്ളു.

''നാം മേഘങ്ങൾക്ക് ബീജാദാനം ചെയ്യുന്ന കാറ്റുകളെ നിയോഗിച്ചു. തുടർന്ന് ഉപരിഭാഗത്ത് നിന്ന് നാം വെള്ളം ചൊരിയുകയും അത് നിങ്ങൾക്ക് കുടിക്കമാറാക്കുകയും ചെയ്തു. നിങ്ങൾക്കത് (വറ്റിപ്പോകാത്തവണ്ണം) സൂക്ഷിച്ചുവെക്കാൻ കഴിയുമായിരുന്നില്ല''
(വി. ഖു. 15:19-22)

''അവർ നോക്കുന്നില്ലേ, ഒട്ടകം എങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന്?

''ആകാശം എങ്ങനെ ഉയർത്തപ്പെട്ടിരിക്കുന്നുവെന്നും,
''പർവതങ്ങൾ എങ്ങനെ സ്ഥാപിക്കപ്പെട്ടിരിക്കുന്നുവെന്നും,
''ഭൂമി എങ്ങനെ നിരപ്പുള്ളതാക്കപ്പെട്ടിരിക്കുന്നു വെന്നും''
(വി. ഖു. 88;17-20)

''നിങ്ങളെ ദുർബലാവസ്ഥയിൽ നിന്ന് സൃഷ്ടിച്ചിട്ടുള്ളവനാകുന്നു അല്ലാഹു തുടർന്ന് ദൗർബല്യത്തിന് ശേഷം അവൻ കരുത്തുണ്ടാക്കിത്തന്നു. കരുത്തിനുശേഷം വീണ്ടും അവൻ ബലഹീനതയും നരയും വരുത്തി. അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു അവൻ സർവ്വജ്ഞനുമത്രെ'' (വി. ഖു. 30:54)

''അവർ കണ്ടില്ലേ; നമ്മുടെ കരങ്ങൾ രൂപം നൽകിയ കാലികളെ നാം അവർക്ക് വേണ്ടിയാണ് സൃഷ്ടിച്ചതെന്ന്. അങ്ങനെ അവർ അവയെ അധീനപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

''അവയെ നാമവർക്ക് കീഴൊതുക്കിക്കൊടുക്കുകയും ചെയ്തു. അവയിൽ ചിലത് അവർ വാഹനമാക്കുന്നു. ചിലതിനെ അവർ ഭുജിക്കുകയും ചെയ്യുന്നു.

അവർക്ക് അവയിൽ പല പ്രയോജനങ്ങളുമുണ്ട്; കുടിക്കുവാനുള്ള പാലും. എന്നിട്ടും അവരെന്താ നന്ദികാണിക്കാത്തത്?''
(വി. ഖു. 36:71-73)

''മനുഷ്യൻ കണ്ടില്ലേ; അവനെ നാം ഒരു ബീജകണത്തിൽ നിന്നാണ് സൃഷ്ടിച്ചതെന്ന്. എന്നിട്ട് അവനതാ വ്യക്തമായ എതിർപ്പുകാരനായി മാറിയിരിക്കുന്നു. നമുക്കവൻ ഉപമയുണ്ടാക്കുകയും, സ്വന്തം സൃഷ്ടിപ്പിനെപററി വിസ്മരിക്കുകയും ചെയ്തിരിക്കുന്നു. അവൻ ചോദിച്ചു: ദ്രവിച്ചുപോയ ഈ അസ്ഥിശകലങ്ങൾക്ക് ജീവൻ നൽകാൻ ആർക്കാണ് കഴിയുകയെന്ന്.

''പറയു: ആദ്യതവണ അവയെ സൃഷ്ടിച്ചവൻ തന്നെ അവയ്ക്ക് ജീവൻ നൽകും. അവൻ എല്ലാതരം സൃഷ്ടിപ്പിനെ പററിയും നന്നായി അറിയുന്നവനത്രെ.

''നിങ്ങൾക്ക് വേണ്ടി പച്ച മരത്തിൽ നിന്ന് തീ ഉണ്ടാക്കിത്തന്നവനത്രെ അവൻ, എന്നിട്ട് അതിൽ നിന്ന് നിങ്ങളതാ കത്തിക്കുന്നു.

''ഉപരിലോകങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവൻ അവരെപോലുള്ളവരെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലെന്നോ? സംശയമേതുമില്ല, അവൻ തന്നെയാകുന്നു സർവ്വജ്ഞനായ സൃഷ്ടികർത്താവ്.

''അവൻെറ കാര്യം, അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ 'ഉണ്ടാകൂ' എന്ന ആജ്ഞമാത്രമാകുന്നു അപ്പോഴതാ അത് ഉണ്ടാകുന്നു.

''എല്ലാ കാര്യങ്ങളുടെയും അധീശാധികാരം കൈവശമുള്ളവൻ എത്ര മഹത്വമുള്ളവൻ! അവനിലേക്ക് തന്നെയായിരിക്കും നിങ്ങൾ തിരിച്ചുവിളിക്കപ്പെടുന്നത്''. (വി. ഖു 36:77-83)

“നാമാണ് നിങ്ങളെ സൃഷ്ടിച്ചത് നിങ്ങൾക്കെന്താ വിശ്വാസമാകുന്നില്ലേ?

“നിങ്ങൾ ബീജംസ്രവിക്കുന്നതിനെപററി നിങ്ങൾ ചിന്തിച്ചുവോ?

“നിങ്ങളാണോ അത് സൃഷ്ടിക്കുന്നത്? അതോ നാമാണോ സൃഷ്ടികർത്താവ്?

“നാം നിങ്ങൾക്കിടയിൽ മരണം വിധിച്ചിരിക്കുന്നു, നമ്മെ ആർക്കും തോൽപിക്കാനാവില്ല.

“നിങ്ങളെപോലുള്ളവരെ മാററുവാനും, നിങ്ങൾക്ക് അറിഞ്ഞുകൂടാത്ത വിധത്തിൽ നിങ്ങളെ പുനഃ സൃഷ്ടിക്കാനും വേണ്ടി

“ആദ്യത്തെ സൃഷ്ടിരൂപത്തെപററി നിങ്ങൾ മനസ്സിലാക്കിയല്ലോ. എന്നിട്ടും നിങ്ങളെന്താ ബോധവാൻമാരാകാത്തത്?

“നിങ്ങൾ കൃഷിയിറക്കുന്നതിനെപ്പററി നിങ്ങൾ ചിന്തിച്ചുവോ?

“നിങ്ങളാണോ അത് മുളപ്പിച്ചുവളർത്തുന്നത്? അതല്ല നമ്മളോ?

“നാം വിചാരിച്ചിരുന്നെങ്കിൽ അതാകെ ധൂളികളാക്കി മാററുമായിരുന്നു. അപ്പോൾ നിങ്ങൾ അത്ഭുതസ്തബ്ധരായിപ്പോകും

“ഞങ്ങളിതാ കടബാദ്ധ്യതയിലകപ്പെട്ടിരിക്കുന്നു (എന്ന് നിങ്ങൾ മുറവിളികൂട്ടേണ്ടി വരും)

“അല്ല, ഞങ്ങൾ എല്ലാം നഷ്ടപ്പെട്ടവരായിരിക്കുന്നു എന്ന്”

“നിങ്ങൾ കുടിക്കുന്ന വെള്ളത്തെപററി ചിന്തിച്ചിട്ടുണ്ടോ?

“നിങ്ങളാണോ മേഘത്തിൽ നിന്ന് അത് താഴെകൊണ്ടുവന്നത്? അതല്ല നാമോ?

“നാം വിചാരിച്ചിരുന്നെങ്കിൽ നമുക്കത് ഉപ്പുരസമുള്ളതാക്കാൻ കഴിയുമായിരുന്നു എന്നിട്ടും നിങ്ങളെന്താ നന്ദി കാണിക്കാത്തത്?

“നിങ്ങൾ തീക്കത്തിച്ചെടുക്കുന്നതിനെപ്പററി ചിന്തിച്ചിട്ടുണ്ടോ?

“അത് കത്താനുള്ള മരം നിങ്ങളാണോ ഉണ്ടാക്കിയത്? അതല്ല നാമോ? (വി. ഖു 56:57-72)

“മനുഷ്യൻ വിചാരിക്കുന്നുണ്ടോ; അവൻെറ അസ്ഥിശകലങ്ങളെ പുനഃസംയോജിപ്പിക്കാൻ നമുക്ക് കഴിയില്ലെന്ന്?

“സംശയം വേണ്ട; അവൻെറ വിരൽത്തുമ്പുപോലും ശരിയായി സംവിധാനിക്കാൻ നമുക്ക് കഴിവുണ്ട്”. (വി. ഖു 75:3,4)

## നിത്യനൂതനം

മനുഷ്യൻെറ ചിന്തയെയും ബോധത്തെയും തട്ടിയുണർത്തത്തക്കവണ്ണം വിശുദ്ധ ഖുർആനിലുടനീളം പരന്നു കിടക്കുന്ന ദൈവിക ദൃഷ്ടാന്തങ്ങളുടെ ഏതാനും ഉദാഹരണങ്ങളാണ് മുക

ളിൽ കൊട്ടത്തത്. 1400 കൊല്ലം മുമ്പുള്ള അറബികളെ സംബ ന്ധിച്ചിടത്തോളം ഇത് എത്രമാത്രം പ്രസക്തമാണോ അത്ര ത്തോളം പ്രസക്തി ആധുനിക സമൂഹങ്ങളുടെ കാര്യത്തിലും അ തിനുണ്ട്. കാലവും കോലവുമെല്ലാം മാറിയാലും ഈ ദൃഷ്ടാന്ത ങ്ങളിലൊന്നിന്നു പോലും കാലഹരണം സംഭവിച്ചിട്ടില്ല. സ്വ യം സംസാരിക്കുന്ന ഈ സൂക്തങ്ങളെ ജീവിതത്തിന്റെ ഏത് തുറയിലുള്ള പക്വമതികൾക്കും തള്ളിപ്പറയാനാവില്ല. പഴയ അറേബ്യൻ സമൂഹത്തിലെ പ്രാകൃതരും, നാഗരികരും, സാഹി ത്യകാരന്മാരും, നിരക്ഷരരും, അടിമകളും ഉടമകളും ഒരുപോലെ ഈ സൂക്തങ്ങളുടെ അമാനുഷിക പ്രഭാവം അംഗീകരിച്ചിരുന്നു.

ഇന്നും ഈ നിലയിൽ മാററമൊന്നും വന്നിട്ടില്ല. ചിലർ തെററിദ്ധരിച്ചപോലെ ഒരു പിടി പഴഞ്ചന്മാരെ മാത്രമല്ല വി ശുദ്ധ ഖുർആൻ ആകർഷിക്കുന്നത്. ലോക പ്രശസ്തരായ ഗ വേഷകരും ചിന്തകന്മാരും ഇന്ന് വിശുദ്ധ ഖുർആനെ ഭാഷാ പരമായും ആശയപരമായും അപഗ്രഥിച്ചുകൊണ്ടിരിക്കുകയാ ണ്. കംപ്യൂട്ടർ ഉപയോഗിച്ചുള്ള അതി സൂക്ഷ്മമായ പഠന ത്തിനുപോലും വിശുദ്ധഖുർആൻ വിധേയമായിട്ടുണ്ട്. എല്ലാ വിവേകശാലികളായ അന്വേഷകരെയും അമ്പരിപ്പിച്ചുകൊ ണ്ട് അതിന്റെ സർവാതിശായിത ഇന്നും നിലനിൽക്കുന്നു. പ്ര ബുദ്ധമെന്ന് പ്രഘോഷിക്കപ്പെടാറുള്ള കേരളത്തിൽ പോലും ജ നലക്ഷങ്ങൾ വിശുദ്ധഖുർആനെ ഗൗരവബുദ്ധ്യാപഠനവിധേയ മാക്കിക്കൊണ്ടിരിക്കുന്നു, ഡോക്ടർമാരും എഞ്ചിനിയർമാ രും പ്രൊഫസർമാരുമടങ്ങുന്ന ബുദ്ധിജീവികൾ ഇവിടെയും ഖുർആൻ വ്യാഖ്യാനിക്കുകയും അപഗ്രഥിക്കുകയും ചെയ്തുകൊ ണ്ടിരിക്കുന്നു. ഭൗതികവാദത്തിന്റെ അതി പ്രസരത്തിൽപെ ട്ട് മതങ്ങളോട് മുൻവിധി വെച്ചുപുലർത്തുന്നവരും, സാമുദായി കതയുടെ സ്വാധീനത്തിൽ പെട്ട് ഇസ്ലാം വിരോധം പുല ത്തുന്നവരുമല്ലാത്ത നിഷ്പക്ഷമതികൾ എക്കാലത്തും വിശുദ്ധ ഖുർആന്റെ സംവേദനക്ഷമത അംഗീകരിച്ചിട്ടുണ്ട്. ഒരു കാ ലത്ത് വിശുദ്ധഖുർആന്റെ ബദ്ധവൈരികളായിരുന്ന കേരള ത്തിലെ ചില ബുദ്ധിജീവികൾ പിൽകാലത്ത് ഖുർആനുമാ

യി വിട്ടുപിരിയാനാകാത്ത ആത്മബന്ധമുള്ളവരായി മാറിയ കാര്യം ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

1400 വർഷങ്ങൾക്കകം ശാസ്ത്രസാഹിത്യ-കലാരംഗങ്ങളിൽ വലിയ മാററങ്ങളുണ്ടായിട്ടുണ്ട്. ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രമെന്ന് വിശ്വസിക്കപ്പെട്ട കാലമുണ്ടായിരുന്നു. സൂര്യനാണ് സൗരയൂഥത്തിന്റെ കേന്ദ്രമെന്നും ഗ്രഹങ്ങൾ സൂര്യന്റെ ആകർഷണ വലയത്തിൽ ഭ്രമണം ചെയ്തുകൊണ്ടിരിക്കയാണെന്നും പിന്നീട് തെളിയിക്കപ്പെട്ടു. മഴയെയും കാലാവസ്ഥയെയും പററി മനുഷ്യരുടെ ധാരണയിൽ നിരന്തരം മാററങ്ങൾ വന്നിട്ടുണ്ട്. ജീവജാലങ്ങളെയും സസ്യങ്ങളെയും പററി വൈവിധ്യമാർന്ന വീക്ഷണങ്ങളുണ്ടായിട്ടുണ്ട്. മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും ഉൽപത്തിയെപററി വന്നും പോയും കൊണ്ടിരുന്ന സിദ്ധാന്തങ്ങൾക്ക് കണക്കില്ല. മനുഷ്യന്റെ ഗർഭധാരണം മുതൽ പ്രസവം വരെയുള്ള ഘട്ടങ്ങളെപററിയും ശാസ്ത്രം അഭിപ്രായങ്ങൾ മാറിമാറി പറഞ്ഞിട്ടുണ്ട്. വിശുദ്ധഖുർആൻ ഭൗതികശാസ്ത്രം പഠിപ്പിക്കാൻ വേണ്ടി വന്ന ഗ്രന്ഥമല്ലെന്നും മനുഷ്യരുടെ ധാർമിക മാർഗദർശനമാണ് അതിന്റെ ലക്ഷ്യമെന്നും അത് സ്വയം പ്രഖ്യാപിക്കുന്നുണ്ട്. എങ്കിലും പ്രാപഞ്ചിക പ്രതിഭാസങ്ങളിലൂടെ ദൈവാസ്തിത്വം കണ്ടെത്താൻ മനുഷ്യനെ സഹായിക്കുന്ന രംഗത്ത് വിശുദ്ധഖുർആൻ ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ തെററാണെന്ന് ഒരു ശാസ്ത്രനിയമവും ഒരിക്കലും തെളിയിച്ചിട്ടില്ല എന്ന വസ്തുത അതിന്റെ ദൈവികതയ്ക്കുള്ള തെളിവുകളിലൊന്നായി നില നിൽക്കുന്നു. അത്കൊണ്ട് തന്നെ എക്കാലത്തെയും ശാസ്ത്രജ്ഞന്മാർക്ക് ഖുർആൻ സ്വീകരിക്കുന്നതിന് ബുദ്ധിപരമായ തടസ്സമുണ്ടായിരുന്നില്ല.

ഇതിന് പുറമെ നമ്മുടെ സവിശേഷ ശ്രദ്ധയർഹിക്കുന്ന ഒരു വിഷയമുണ്ട്. വിശുദ്ധ ഖുർആനെപററി യാതൊരു ധാരണയും ഉണ്ടായിട്ടില്ലാത്ത ക്രൈസ്തവ-യഹൂദ-നാസ്തിക ശാസ്ത്രജ്ഞന്മാർ നടത്തിയ ഗവേഷണങ്ങൾ ഖുർആനിൽ 1400 വർഷം മുമ്പ്-ശാസ്ത്രം ഭ്രൂണാവസ്ഥയിലായിരുന്ന കാലത്ത് പറഞ്ഞ

കാര്യങ്ങളെ ശരിവെച്ചുകൊണ്ടിരിക്കുന്ന എന്നതാണത്. ഇതിന് ഉദാഹരണങ്ങളും നിരവധിയുണ്ട്.

ആകാശ ഗോളങ്ങളും ഭൂമിയും ഒന്നിച്ച് ഒരൊററ ആദിപദാർത്ഥത്തിൻെറ ഭാഗമായിരുന്നുവെന്നത് ഇന്ന് ശാസ്ത്രരംഗത്ത് ഏതാണ്ട് തർക്കമററവിഷയമാണ്. പ്രപഞ്ചത്തിൻെറ ഉല്പത്തിയെപററി വ്യത്യസ്ഥ വീക്ഷണങ്ങളുണ്ടെങ്കിലും, താരഗണങ്ങളും ഗ്രഹോപഗ്രഹങ്ങളും ഒരേ ഉറവിടത്തിൽ നിന്ന് വിഘടിച്ച രൂപം കൊണ്ടതാണെന്നതിൽ ഇന്ന് തർക്കം അവശേഷിക്കുന്നില്ല.

പ്രപഞ്ചത്തിൻെറ ഉത്ഭവം സംബന്ധിച്ച് ഇന്ന് നിലവിലുള്ള സിദ്ധാന്തങ്ങളിൽ പ്രമുഖ ഗോളശാസ്ത്രജ്ഞരുടെ അംഗീകാരം നേടിയിട്ടുള്ളത് ഉഗ്രമായ ഒരു ആദിസ്ഫോടനത്തിൽ നിന്നാണ് മുഴുവൻ പ്രപഞ്ചത്തിൻെറയും തുടക്കമെന്ന് സമർത്ഥിക്കുന്ന 'ബിഗ് ബാംഗ്' സിദ്ധാന്തമത്രെ.

നാലു പ്രമുഖ ശാസ്ത്രജ്ഞന്മാർ ചേർന്ന് 1976 മാർച്ചിലെ Scientific American ൽ എഴുതിയ ഒരു ലേഖനത്തിൽ ഇപ്രകാരം കാണാം:

"Thus it appears that the Universe began from a state of infinite density about one hubble time ago. Space and time were created in that event and so was all the matter in the universe."

''അനന്തമായ അളവിൽ സാന്ദ്രമായിരുന്ന ഒരു അവസ്ഥയിൽ നിന്നാണ് പ്രപഞ്ചം ഉത്ഭവിച്ചതെന്നാണ് വ്യക്തമാകുന്നത്. ഏകദേശം ഒരു 'ഹബ്ബ്ൾ സമയം' മുമ്പാണ് ഇത് നടന്നത്. സ്പെയ്സും സമയവും ആ സംഭവത്തോടെയാണ് സൃഷ്ടിക്കപ്പെട്ടത്. അപ്രകാരം തന്നെ പ്രപഞ്ചത്തിലെ മുഴുവൻ പദാർത്ഥവും.''

Will the Universe Expand forever (Scientific American March' 76)

[1920 ൽ പ്രപഞ്ചത്തിന്റെ ഉത്ഭവത്തെയും വികാസത്തെയും സംബന്ധിച്ച് പ്രസക്തമായ നിരീക്ഷണങ്ങൾ നടത്തിയ എഡ്വിൻ. പി. ഹബ്ൾ എന്ന ശാസ്ത്രജ്ഞന്റെ പേരിൽ അറിയപ്പെടുന്നതും, അനന്തസാന്ദ്രമായ അവസ്ഥക്ക് ശേഷം പ്രപഞ്ചം പിന്നിട്ട കാലയളവിനെ കുറിക്കുന്നതുമായ ഒരു സമയപരിമാണമത്രെ 'ഹബ്ൾ ടൈം'.]

വിശുദ്ധ ഖുർആനിലെ 21:30 സൂക്തം ഈ ആശയമത്രെ ഊന്നിപ്പറയുന്നത്. ഖഗോളശാസ്ത്രം ഒട്ടും വികസിച്ചിട്ടില്ലാത്ത കാലത്ത് ലോകത്തൊരാളും ഇത്തരമൊരു പ്രസ്താവന നടത്താൻ ഒരു സാദ്ധ്യതയുമില്ല; സർവ്വജ്ഞനായ ദൈവത്തിന്റെ ബോധനം മുഖേനയല്ലാതെ.

ഉഗ്രസ്ഫോടനമടക്കമുള്ള പ്രതിഭാസങ്ങൾക്ക് പിന്നിലെ യഥാർത്ഥ കാരണത്തെ പറയുമ്പോൾ ഭൗതികവാദികൾ സർവ്വജ്ഞനും സർവ്വശക്തനുമായ സംവിധായകനെ തള്ളിപ്പറഞ്ഞു കൊണ്ട് ഇരുട്ടിൽ തപ്പുകയാണ്. എന്നാൽ ഖുർആൻ പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ പിന്നിലെ യഥാർത്ഥ ശക്തി എന്തെന്ന് സ്പഷ്ടമാക്കുന്നു.

''സത്യ നിഷേധികൾ കണ്ടില്ലേ; ഉപരിലോകങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്ന്. എന്നിട്ട് നാമവയെ വേർപെടുത്തി.''

## നെബുലകൾ ഖുർആനിൽ

വാതകങ്ങളും സൂക്ഷ്മ പദാർത്ഥങ്ങളുമടങ്ങുന്ന ഒരു 'പുകപടല' (Nebula) ത്തിൽ നിന്നാണ് നക്ഷത്രങ്ങൾ പിറവിയെടുത്തതെന്നാണ് ആധുനിക ശാസ്ത്രം കരുതുന്നത്. Secrets of Space എന്ന ഗ്രന്ഥത്തിൽ Anthony feldman പറയുന്നത് കാണുക:

"The process by which the stars form is probably a kind of condensation. The principal force behind the Phenominon is gravity, operating between the

countless molecules of gas and dust motes in the nebula. As an accumulation of matter builds up in a particular region of the nebula, the beginning of a localised gravitationl field emerge and the process accelerates, more material being drawn in to the region by the gravitational pull of the increasing build-up of dust and gas.''

മിക്കവാറും ഒരു തരം സാന്ദ്രീകരണ പ്രക്രിയയിലൂടെ നക്ഷത്രങ്ങൾ രൂപം കൊള്ളുന്നത്. ഈ പ്രതിഭാസത്തിൻെറ പിന്നിലുള്ള മുഖ്യ ശക്തി നെബുലകളിലെ എണ്ണമററ വാതക തന്മാത്രകൾക്കിടയിലും ധൂളീകണങ്ങൾക്കിടയിലും പ്രവർത്തിക്കുന്ന ഗുരുത്വാകർഷണമാകുന്നു. നെബുലയിൽ ഒരു പ്രത്യേക പ്രദേശത്ത് പദാർത്ഥ കേന്ദ്രീകരണം നടക്കുമ്പോൾ പ്രാദേശികമായ ഒരു ഗുരുത്വാകർഷണമേഖല ഉരുത്തിരിയാൻ തുടങ്ങുന്നു. ഈ പ്രക്രിയ ത്വരിതപ്പെടുന്നതോടെ ആ പ്രദേശത്തേക്ക് കൂടുതൽ പദാർത്ഥം സമാഹരിക്കപ്പെടുന്നു. ഗുരുത്വാകർഷണ ബലത്താൽ ധൂളികളുടെയും വാതകങ്ങളുടെയും ശേഖരം കൂടിക്കൂടി വരുന്നു.''

(Secrets of Space P. P 52 Aldus Books London)

വിശുദ്ധ ഖുർആൻ 1400 വർഷങ്ങൾക്ക് മുമ്പ് തന്നെ ആകാശഗോളങ്ങൾ പുകപടലത്തിൽ നിന്ന് രൂപം കൊണ്ടതാണെന്ന വസ്തുത വ്യക്തമാക്കുകയുണ്ടായി.

''അതിനു പുറമെ അവൻ ഉപരിലോകത്തിൻെറയും സംവിധാനം നടത്തി. അത് പുകയായിരുന്നു. അതിനോടും ഭൂമിയോടും അവൻ ആജ്ഞാപിച്ചു: നിങ്ങൾ രണ്ടും വിധേയത്വത്തോടെയോ, അനിച്ഛാപൂർവ്വകമായോ വരൂ. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ വിധേയത്വത്തോടെ വന്നിരിക്കുന്നു.'' (വി. ഖു. 41:11)

ഈ പ്രഖ്യാപനത്തിനു മുമ്പിൽ ശാസ്ത്രം പകച്ചു നില്കുന്നു എന്നതല്ലേ വാസ്തവം?

ശാസ്ത്രാഭ്യാസം പോകട്ടെ, അക്ഷരാഭ്യാസം പോലും നേടിയിട്ടില്ലാത്ത മുഹമ്മദ് നബി (സ) യുടെ നാവിലൂടെയാണ് നാം

ഈ വാക്യങ്ങൾ കേൾക്കുന്നത്! ഇതെങ്ങനെ സംഭവിച്ചു? ഉത്തരം ലളിതമാണ്. മുഹമ്മദ് നബി (സ) തനിക്ക് ലഭിച്ച ദിവ്യ ബോധനം ഉരുവിടുകയായിരുന്നു.

## ഭൂമിയുടെ ആകൃതി

ഭൂമിയുടെ ആകൃതിയെപററി വിശുദ്ധ ഖുർആൻ എന്തു പറയുന്നുവെന്ന ചോദ്യം പലരും ഉന്നയിക്കാറുണ്ട്. ഖുർആനിലെ ഭൂമി പരന്നതാണെന്നും, മുഹമ്മദ് നബിയുടെ കാലത്ത് ആളുകൾ ധരിച്ചിരുന്ന അബദ്ധം ഖുർആനിലും കടന്നു കൂടിയിട്ടുണ്ടെന്നും, ഖുർആൻ ദൈവീകമല്ലെന്നതിന് അത് തന്നെ മതിയായ തെളിവാണെന്നും ചിലർ ഘോഷിക്കാറുണ്ട്.

[''ഭൂമിയെ നിങ്ങൾക്ക് വേണ്ടി മെത്തയാക്കിയവൻ'' (വി.ഖു 2:22) ''ഭൂമിയെ നാം നീട്ടിയിരിക്കുന്നു.'' (വി. ഖു. 15:19) ''അല്ലാഹു നിങ്ങൾക്ക് വേണ്ടി ഭൂമിയെ ഒരു വിരിപ്പാക്കിയിരിക്കുന്നു.''
(വി. ഖു.71:19)]

എന്നീ വചനങ്ങൾക്ക് ചുററുമാണ് വിമർശനങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ളത്.

എന്നാൽ വിശുദ്ധ ഖുർആനിൽ ഭൂമിയെപററി അനേകം സന്ദർഭങ്ങളിൽ വൈവിധ്യമാന്ന വിശദീകരണങ്ങൾ നല്കിയിട്ടുള്ളതിൻെറ ചെറിയൊരു ഭാഗം മാത്രമാണ് ഈ വചനങ്ങളെന്ന കാര്യം വിമർശകന്മാർ സൗകര്യപൂർവ്വം മറച്ചുവെക്കുന്നു. ചില വചനങ്ങൾ നോക്കുക:

''അവനാകുന്നു ഭൂമിയെ നിങ്ങൾക്ക് കീഴൊതുങ്ങുന്നതാക്കിയത്. അതിനാൽ അതിൻെറ 'ചുമലു'കളിലൂടെ നിങ്ങൾ നടന്നുകൊള്ളുക'' (വി. ഖു. 67:15) ''ഭൂമിയെ നാം തൊട്ടിലാക്കിത്തന്നില്ലേ?'' (വി. ഖു. 78:6) ''അല്ലാഹുവാകുന്നു നിങ്ങൾക്ക് ഭൂമിയെ ഒരു ആവാസകേന്ദ്രവും ഉപരിഭാഗത്തെ ഒരു മേൽപുരയുമാക്കിത്തന്നവൻ''
(വി. ഖു. 40:46)

ഈ വചനങ്ങളെല്ലാം പരന്ന ഭൂമിയെയാണോ സൂചിപ്പിക്കുന്നത്? തൊട്ടിൽ പരന്നതാണോ? 'കീഴൊതുക്കപ്പെട്ടതിൻെറ

ചുമൽ' എന്ന പദപ്രയോഗം നിശ്ശേഷ്ടമായി 'ചത്തു കിടക്കുന്ന' പരന്ന ഭൂമിയെ സൂചിപ്പിക്കുന്നതാണോ? ആണെന്ന് സാമാന്യ ബുദ്ധിയുള്ളവരാരും പറയുകയില്ല.

ഇനിയും പലരുടെയും സംശയങ്ങൾ അവശേഷിച്ചേക്കും. രണ്ടാംതരത്തിലെ പാഠപുസ്തകത്തിൽ പറയുന്ന അതേ ശൈലിയിൽ 'കുട്ടികളേ, ഭൂമി ഉരുണ്ടതാകുന്നു' എന്ന് പടച്ചവന് പറഞ്ഞുകൂടായിരുന്നോ എന്നായിരിക്കും ചിലരുടെ സംശയം. ഇന്നും ഒരു കടംകഥയായി തുടരുന്ന ഭൂഗർഭത്തെപ്പററി കൃത്യമായ വിവരങ്ങൾ ഖുർആനിലൂടെ നല്കിക്കൂടേ എന്നും ചോദ്യമുയരാം. മനുഷ്യന് സ്വയം കണ്ടെത്താൻ കഴിയുന്ന ഭൗതിക വിജ്ഞാനങ്ങൾ ജനമദ്ധ്യത്തിൽ എത്തിക്കുക എന്നതല്ല, പ്രത്യുത; ഭൗതിക പാണ്ഡിത്യവും വിഭവശേഷിയും എല്ലാം ഉണ്ടായിട്ടും ധാർമികമായി അധഃപതിച്ചുപോകുന്ന മനുഷ്യർക്ക് നേർവഴി കാണിക്കുകയാണ് വിശുദ്ധ ഖുർആൻെറ ദൗത്യം എന്ന കാര്യം വിസ്മരിക്കാതെയാകണം ഖുർആനിക ദൃഷ്ടാന്തങ്ങളെ വിശകലനം ചെയ്യുന്നത്.

മുഴുവൻ നക്ഷത്രങ്ങൾക്കും ഗ്രഹങ്ങൾക്കും ഉപഗ്രഹങ്ങൾക്കും ഗോളാകൃതി നല്കിയ പ്രപഞ്ചനാഥനെ സംബന്ധിച്ചേടത്തോളം ഭൂമിയുടെ ഗോളാകൃതി പ്രത്യേകം എടുത്തുപറയേണ്ട ഒരു വിഷയമല്ലല്ലോ. ഒരു ഖഗോള ശാസ്ത്രജ്ഞനെ സംബന്ധിച്ചേടത്തോളവും ഭൂമിയുടെ ഗോളാകൃതി വിസ്മയാവഹമായ ഒരു പ്രതിഭാസമൊന്നുമല്ല, എന്നാൽ ഭൂമിയിൽ മാത്രം പ്രപഞ്ചനാഥൻ സംവിധാനിച്ച സവിശേഷ സൗകര്യങ്ങൾ എല്ലാവരുടേയും ചിന്തക്ക് വിഷയീഭവിക്കേണ്ടതാണ്. മനുഷ്യ ജീവിതം ആ സൗകര്യങ്ങളുടെ അഭാവത്തിൽ അസാധ്യമായിരിക്കും. അതുകൊണ്ട് തന്നെ അവ ഒരുക്കിത്തന്ന സ്രഷ്ടാവിന് മനുഷ്യൻ എത്ര നന്ദി രേഖപ്പെടുത്തിയാലും മതിയാകില്ല. ഈ രംഗത്താണ് ഖുർആൻ ഊന്നൽ നൽകുന്നത്.

## ഭൂമിയുടെ സവിശേഷതകൾ

ഭൂമിയെ മററു ഗ്രഹങ്ങളിൽ നിന്ന് വ്യത്യസ്തമാക്കി നിർത്തുന്ന സവിശേഷതകൾ എന്തൊക്കെയാണ്?

"സംരക്ഷിതമായ മേൽപ്പുര" (വി. ഖു. 21:33) എന്ന് വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കുന്ന അന്തരീക്ഷ മേലാപ്പ് മുഖേന ഭൂമിയിൽ ജീവിതം സുരക്ഷിതമാക്കപ്പെട്ടിരിക്കുന്നുവെന്നതാണ് ഭൂമിയുടെ മൗലികമായ സവിശേഷതകളിലൊന്ന്. മററു ഗ്രഹങ്ങളിലോ ചന്ദ്രനിലോ അത്തരമൊരു സാഹചര്യമില്ല. പ്രാണവായുവിൻെറ അഭാവം, മാരകമായ വികിരണങ്ങൾ, ഉൽക്കകൾ എല്ലാം ചേർന്ന് മററു ഗ്രഹങ്ങളിൽ ജീവിതം അസാദ്ധ്യമാക്കുമ്പോൾ അനിതരമായ അന്തരീക്ഷമണ്ഡലം ബാഹ്യപ്രപഞ്ചത്തിൽ നിന്ന് വരുന്ന വിപത്തുകളെ തടഞ്ഞു നിർത്തി ഭൂമിയെ സംരക്ഷിക്കുന്നു; പ്രാണവായുവിലൂടെ ജീവൻ നല്കുന്നു.

Secrets of Space എന്ന ഗ്രന്ഥത്തിൽ Anthony feld man പറയുന്നു:

The atmosphere performs two vital roles. It provides an ocean of air that enables living creatures to breath and it also acts as a shield against some of the worst hazards of space.

Although everyone can immediatley appreciate the importancs of air to breath it is more difficult to imagine the canopy of atmosphere as an important roof of over people's heads. But at every moment the atmosphere is sheilding us from lethal radiation from the Sun.

"അന്തരീക്ഷത്തിന് നിർണായകമായ രണ്ടു ധർമ്മങ്ങൾ നിർവ്വഹിക്കാനുണ്ട്". ജീവികളുടെ ശ്വാസോച്ഛ്വാസത്തിനായി അത് വായുവിൻെറ ഒരു സമുദ്രം തന്നെ ഒരുക്കുന്നു, അതിനു പുറമെ ബാഹ്യാകാശത്തിലെ ചില കൊടും ദുരന്തങ്ങളിൽ നിന്ന് കാത്തു രക്ഷിക്കുന്ന ഒരു കവചമായും അത് പ്രവർത്തിക്കുന്നു.

"ശ്വസിക്കാനുള്ള വായുവിൻെറ പ്രാധാന്യം ഏതൊരാൾക്കും പെട്ടെന്ന് മനസ്സിലാകുമെങ്കിലും, ജനങ്ങളുടെ തലയ്ക്കു മീ

തെ നിലകൊള്ളുന്ന അത്യന്തം പ്രാധാന്യമുള്ള ഒരു മേൽപ്പുര എന്ന നിലയിൽ അന്തരീക്ഷ മേലാപ്പിനെ വിഭാവനം ചെയ്യാൻ പ്രയാസം തോന്നിയേക്കാം. എന്നാൽ ഓരോ നിമിഷത്തിലും സൂര്യനിൻ നിന്നുള്ള മാരകമായ വികിരണങ്ങൾക്കെതിരെ അന്തരീക്ഷം നമുക്കൊരു കവചമായി വർത്തിക്കുന്നു.''

(Secrets of Space-Aldus Books London P. P. 86)

## ഭൂമിയെന്ന മെത്ത

''ഭൂമിയെ നിങ്ങൾക്ക് മെത്തയാക്കിത്തന്നിരിക്കുന്നു'' (2:22) എന്ന വചനത്തെയും ആധുനിക നിഗമനങ്ങളുടെ വെളിച്ചത്തിലാണ് വിലയിരുത്തേണ്ടത്. മാരകമായ രശ്മികളേൽക്കാതെ, ഉല്കാനിപാതത്തെ ഭയപ്പെടാതെ, ഒരു ഓക്സിജൻ സിലിണ്ടർ കൂടെ കൊണ്ടുപോകാതെ, ഭാരസന്തുലനം നിലനിർത്തിക്കൊണ്ട്, നിയന്ത്രിതമായ ഊഷ്മാവിൽ മലർന്ന് കിടന്ന് ഒന്നു വിശ്രമിക്കാനുള്ള 'പ്രകൃതിദത്തമായ മെത്ത' സൗരയൂഥത്തിൽ ഭൂമുഖത്ത് മാത്രമാണുള്ളത്. ഭൂമി ജീവജാലങ്ങൾക്ക് വസതിയായും വിശ്രമസ്ഥലമായും സംവിധാനിക്കപ്പെട്ടപ്പോൾ എത്രമാത്രം കണിശമായ പരിസ്ഥിതി നിയന്ത്രണങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ശാസ്ത്രം ഇപ്പോഴും വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്.

## വെള്ളം, വെള്ളം സർവ്വത്ര; പക്ഷെ...

വായുപോലെ തന്നെ നമുക്ക് പരിചിതമാണ് വെള്ളവും. എന്നാൽ പ്രപഞ്ചത്തിലെ അതുല്യമായ യൗഗികങ്ങളിലൊന്നാണ് വെള്ളം. നമ്മുടെ തലയ്ക്കു മുകളിൽ മഴയായി പൊരിയുന്ന ജലാശയങ്ങളിൽ സംഭരിക്കാവുന്ന വെള്ളം ഇല്ലായിരുന്നുവെങ്കിൽ ഈ ഭൂമിയിൽ ജീവൻ ഉടലെടുക്കില്ലായിരുന്നു ദ്രവമായും ഖരമായും വാതകമായും മാറി ജീവജാലങ്ങളുടെ വിവിധ ആവശ്യങ്ങൾ നിറവേററുന്ന കാലാവസ്ഥയെ ആകെ നിയന്ത്രിക്കുന്ന, സ്വാഭാവിക വാതാനുകൂലനത്തിന് സഹായിക്കുന്ന WATER-CYCLE അഥവാ ജലചക്രം എങ്ങനെ നിയന്ത്രിക്കപ്പെടുന്നു? ഇന്നും ഉത്തരം കിട്ടാത്ത സമസ്യയാണ് കാലാവസ്ഥയുടെ ഗതിവിഗതികൾ. 'ഭൂമിയെ മനുഷ്യൻെറ കളിത്തൊട്ടിലാക്കുന്ന

തിൽ' (വി.ഖു. 78:6) മുഖ്യ പങ്കുവഹിക്കുന്ന ഒരു ഘടകമത്രെ വെള്ളം. അതിനെപററി വിശുദ്ധ ഖുർആൻ പറയുന്നു.

''അല്ലാഹു ആണ് അവൻെറ കാരുണ്യത്തിൻെറ മുന്നോടിയായി കാററുകളെ അയയ്ക്കുന്നവൻ. ഒടുവിൽ ജലഭാരം തിങ്ങുന്ന മേഘത്തെ അവ വഹിക്കുമ്പോൾ മൃതപ്രായമായ ഒരു പ്രദേശത്തേക്ക് അതിനെ നാം നയിക്കുകയും അങ്ങനെ അത് മൂലം നാം വെള്ളം പൊരിയുകയും, എല്ലാത്തരം കായ്കനികളും നാം അത് മൂലം ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. അപ്രകാരമാണ് മരിച്ചവരെയും നാം പുറത്തുകൊണ്ടുവരുന്നത്. നിങ്ങൾ സ്മരിക്കുന്നവരായെങ്കിൽ!''

കാലവർഷക്കാററ്, മഴ, നദികൾ, സമുദ്രങ്ങൾ ഇവയെല്ലാം കൊണ്ട് അനുഗ്രഹീതമായ ഒരേയൊരു ഗ്രഹം ഭൂമിയാണ്. ബുധഗ്രഹത്തിൽ അന്തരീക്ഷമേ ഇല്ല. ശുക്രനിൽ അന്തരീക്ഷമുണ്ടെങ്കിലും അത് കാർബൺ സൾഫർ ഓക്സൈഡുകളുടെ ഒരു മിശ്രിതം മാത്രമത്രെ. ചൊവ്വയുടെ അന്തരീക്ഷത്തിൽ ജലാംശമുണ്ടെങ്കിലും അവിടെയും ജലചക്രം രൂപം കൊണ്ടിട്ടില്ല. വ്യാഴത്തിൽ ഹൈഡ്രോസൾഫൈഡിൻെറയും അമോണിയം ക്രിസ്റ്റലുകളുടെയും ഹൈഡ്രജൻെറയും കൂടെ ഹിമകണങ്ങളുണ്ടെങ്കിലും മഴയും ജലാശയങ്ങളുമില്ല. ഹിമകവചത്തിൽ പൊതിഞ്ഞുകിടക്കുന്ന യുറാനസിൻെറയും നെപ്ററ്യൂണിൻെറയും അന്തരീക്ഷത്തിൽ മീതെയ്നാണുള്ളത്.

കാററിനെയും മഴയെയും ഭൂഗർഭജലത്തേയും പററി വ്യക്തമായ കാഴ്ചപ്പാട് സമീപ നൂററാണ്ടുകൾവരെ ശാസ്ത്രത്തിനുണ്ടായിരുന്നില്ല ഖുർആൻെറ അവതരണ കാലത്തെ അറബികൾക്ക് ശാസ്ത്രത്തിൻെറ ബാലപാഠങ്ങൾ പോലും അറിയുമായിരുന്നില്ല. ആ നിലയ്ക്ക് ഈ കാര്യങ്ങളെപററി ആധുനിക നിഗമനങ്ങളുമായി യോജിക്കുന്ന പ്രതിപാദനങ്ങളാണ് ഖുർആനിലുള്ളത് എന്ന കാര്യം ഖുർആൻെറ ദൈവികതയ്ക്ക് സാക്ഷ്യം വഹിക്കുന്നു. കാററ്, കാർമേഘം, ഇടിയും മിന്നലും, മഴ, ഭൂഗർഭജലം ഇവയെ ഒരു ചാക്രികപ്രക്രിയയുടെ ഭാഗങ്ങളായി വിശുദ്ധഖുർആൻ അവതരിപ്പിക്കുന്നു.

ഭൂമിയിലെ പ്രത്യേക താപനിലയാണ് മറ്റൊരു നിർണായകഘടകം. അന്യഗ്രഹങ്ങളിൽ നിന്നുമാത്രമല്ല ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനിൽ നിന്ന് പോലും വ്യത്യസ്തമായി ഭൂമിയുടെ ഉപരിതലത്തിന് സന്തുലിതമായ ഊഷ്മാവ് നൽകപ്പെട്ടിരിക്കുന്നു. അന്തരീക്ഷത്തിലെയും ഭൂഗർഭത്തിലെയും സവിശേഷ സാഹചര്യങ്ങളാണ് ഇതിന് സഹായിക്കുന്നത്. തണുത്തുറയുകയോ ചുട്ടെരിയുകയോ ചെയ്യാത്ത ഊഷ്മളമായ ഒരു മെത്തയത്രെ ഈ അർത്ഥത്തിൽ ഭൂതലം. രാത്രികാലങ്ങളിൽ ചന്ദ്രോപരിതലത്തിലെ താപം ഗണ്യമായി കുറയുമ്പോൾ ഭൂമിയിൽ അങ്ങനെ സംഭവിക്കുന്നില്ല. ഭൂഗർഭതാപം ഉപരിതലത്തിലേക്ക് നേരിയതോതിൽ സംക്രമിക്കുന്നതാണ് ഇതിന് കാരണം. പകൽ സമയത്ത് അന്തരീക്ഷ പാളികൾ സൂര്യരശ്മികളെ അരിച്ചെടുത്തു ശുദ്ധീകരിക്കുകയും മെരുക്കിയെടുത്തു പാകപ്പെടുത്തുകയും ചെയ്യുന്നു.

സൂര്യനുമായുള്ള അകലത്തിൽ ഭൂമിയുടെതിൽ നിന്നും വളരെയൊന്നും ഭിന്നമല്ലാത്ത സ്ഥാനമാണ് ചന്ദ്രന്റേത്. പക്ഷെ, ചന്ദ്രോപരിതലം ഒരിക്കലും ജീവജാലങ്ങൾക്ക് മെത്തയൊരുക്കുകയില്ലെന്നാണ് എല്ലാ ശാസ്ത്രനിഗമനങ്ങളും ചൂണ്ടിക്കാണിക്കുന്നത്, വെള്ളമില്ലാത്ത, കാന്തവലയദുർബലമായ ചന്ദ്രോപഗ്രഹം താപനിലയിലും ഭൂമിയിൽ നിന്ന് വളരെ ഭിന്നമാണ്.

ചന്ദ്രന്റെ മദ്ധ്യരേഖാപ്രദേശത്ത് നട്ടുച്ചസമയത്തെ താപം ഏകദേശം 134°c യും അർദ്ധരാത്രിയിൽ —153°c യും ആകുന്നു. അതെ പൊരിയുന്ന ഉച്ചയും തണുത്തുറയുന്ന രാത്രിയും. ടൈംഅറ്റ്ലസ് രേഖപ്പെടുത്തുന്നത് കാണുക:

That the Earth and Moon are very different world is beyond doubt, but how they evolved so differently in still a matter for conjcture. (Time Atlas 6he Edn. 198C)

''ഭൂമിയും ചന്ദ്രനും വളരെ വിഭിന്നമായ ലോകങ്ങളാകുന്നു എന്ന വസ്തുത സംശയാതീതമത്രെ പക്ഷെ, ഇത്രയും വ്യത്യാസമുള്ളതായി അവ എങ്ങനെ പരിണമിച്ചു എന്ന വിഷയത്തെ പററി ഇപ്പോഴും ഊഹിക്കാനേ കഴിയൂ.''

## പർവതങ്ങൾ ഭൂമിയുടെ ആണികൾ

''നാം ഭൂമിയെ തൊട്ടിലും പർവതങ്ങളെ ആണികളുമാക്കിയില്ലേ?
(വി. ഖു. 78:7)

പുരാതന അറബികൾക്കോ മററു ജനവിഭാഗങ്ങൾക്കോ പർവതകൾ ഭൂമിയുടെ ആണികളാണെന്ന ധാരണ ഉണ്ടായിരുന്നില്ല. അവരുടെ കൃതികളിലൊന്നും പർവതത്തെ പററി അങ്ങനെയൊരു വീക്ഷണം കാണപ്പെടുന്നില്ല. അതുകൊണ്ട് തന്നെ ഉപര്യുക്ത ഖുർആൻ സൂക്തത്തെ ശാസ്ത്രീയാടിസ്ഥാനമില്ലാത്ത ഒരു പ്രസ്താവമായി പലരും ചിത്രീകരിച്ചിട്ടുണ്ട്.

എന്നാൽ ഭൂഗർഭശാസ്ത്രരംഗത്തെ ആധുനിക ഗവേഷണങ്ങൾ തെളിയിക്കുന്നത് പർവതങ്ങൾ ഭൂമിയെ സംബന്ധിച്ചിടത്തോളം യഥാർഥത്തിലും 'ആണി'കളാണെന്നാണ്.

ഭൂഗർഭശാസ്ത്രത്തിലെ ഒരു ആധികാരിക ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയത് നോക്കുക.

The failure of certain earth quake waves to pass beneath huge grauitic ranges, and the reduced attraction of gravity neat such moauntain masses suggest that those mountains reach down to considerable depths-having **'roots'** as it were, in the underlying basalt. Like an iceberg's their submerged part is greater than their expresed parts, the granitic zone under mountains may be as much as fourtimes as thick as it is under plains.

(Geolog Richard M. pearl 3rd Edn 1966 published by Barnes & noble. Newyork)

“കനത്ത കരിമ്പാറകളുള്ള മേഖലകൾക്കടിയിലൂടെ ഭൂകമ്പതരംഗങ്ങൾക്ക് കടന്നുപോകാൻ കഴിയുന്നില്ല എന്നതും, അത്തരം പർവ്വതഭാഗങ്ങൾക്കടുത്ത് ഗുരുത്വാകർഷണം കുറയുന്നുവെന്നതും സൂചിപ്പിക്കുന്നത് ആ പർവതങ്ങൾ ഗണ്യമായ അളവിൽ ഉള്ളിലേക്ക് ആണ്ടുകിടക്കുന്നുവെന്നാണ്, അഥവാ അടിയിൽ സ്ഥിതിചെയ്യുന്ന 'ബസാൾട്ടി'ൽ ചെന്നുമുട്ടുന്ന വേരുകൾ അവയ്ക്കുണ്ടെന്നാണ്.

“ഒരു ഐസ് ബർഗിന്റെ (ഹിമാനിയുടെ) പൊങ്ങിക്കാണുന്ന ഭാഗത്തേക്കാൾ എത്രയോ വലുതായിരിക്കും മുങ്ങിക്കിടക്കുന്ന ഭാഗമെന്നതുപോലെ പൂർവ്വതങ്ങൾക്ക് കീഴിലുള്ള് കരിമ്പാറ മേഖല സമതലങ്ങൾക്ക് കീഴിലുള്ളതിന്റെ നാലിരട്ടിയോളം കനമുള്ളതായിരിക്കും,”

ഭൂമിയുടെ സന്തുലിതത്വത്തിൽ പർവ്വതങ്ങൾക്കുള്ള പങ്കാണ് വിശുദ്ധ ഖുർആൻ ദൈവിക ദൃഷ്ടാന്തമെന്ന നിലയിൽ ചൂണ്ടിക്കാണിക്കുന്ന മറ്റൊരു കാര്യം. ഇന്നും അപക്വമതികളായ വിമർശകന്മാർ തള്ളിപ്പറയാറുള്ള ഈ ദൈവിക ദൃഷ്ടാന്തത്തെ സാക്ഷ്യപ്പെടുത്തുന്ന വിധത്തിലാണ് ആധുനിക ഗവേഷണങ്ങൾ നീങ്ങുന്നത്.

> “ഭൂമിയിൽ നാം ഉറച്ചു നില്ക്കുന്ന പർവ്വതങ്ങളുണ്ടാക്കിയിരിക്കുന്നു; ഭൂമി അവരെയും കൊണ്ട് നീങ്ങിപ്പോകാതിരിക്കുവാൻ” (വി. ഖു. 21:31)

മററു അനേകം വാക്യങ്ങളിലും പർവ്വതങ്ങൾ നൽകുന്ന സുസ്ഥിരത ഖുർആൻ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഭൂകമ്പ തരംഗങ്ങളെയും ഭൂഭാഗ ഭ്രംശങ്ങളെയും ഭൂഗർഭചലനങ്ങളെയും പററിയുള്ള ആധുനിക പാഠങ്ങൾ വിശുദ്ധ ഖുർആന്റെ അവതരണകാലത്ത് ലോകത്തിന് അജ്ഞാതമായിരുന്ന ധാരാളം വസ്തുതകൾ വെളിച്ചത്തു കൊണ്ടുവന്നിട്ടുണ്ട്. അവയിൽ പലതും പർവ്വതങ്ങളെപ്പററിയുള്ള ഖുർആനിക പരാമർശങ്ങളുടെ സത്യതയിലേക്ക് വിരൽ ചൂണ്ടുന്നതത്രെ.

ഭൂകമ്പതരംഗങ്ങളുടെ വേഗതയെ നിയന്ത്രിച്ചുകൊണ്ടും, വഴുതി നീങ്ങിക്കൊണ്ടിരുന്ന ഭൗമശകലങ്ങളെ സന്ധിപ്പിച്ചുകൊണ്ടും ഭൂഗോളത്തിന്റെ ആന്തരികവും ബാഹ്യവുമായ ഘടന പരിരക്ഷിക്കുന്നതിൽ പർവ്വതങ്ങൾ വഹിക്കുന്ന പങ്ക് ഭൂഗർഭശാസ്ത്രം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇന്ന് സൂക്ഷ്മമായി വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. ദിവ്യദർശനത്തിന്റെ അഭാവത്തിൽ 1400 വർഷം മുമ്പ് ഒരു വ്യക്തിക്ക് ഈ വിഷയം പരാമർശിക്കാൻ കഴിയുമായിരുന്നില്ല.

## ഭൂഗോളം ഖുർആനിൽ

ഗലീലിയോ ഗലീലിയാണ് ഭൂമി ഉരുണ്ടതാണെന്ന് പ്രസ്താവിച്ച ആദ്യ വ്യക്തിയെന്നും, അദ്ദേഹത്തിനു മുമ്പ് എല്ലാവരും ധരിച്ചിരുന്നത് ഭൂമി പരന്നതാണെന്നുമായിരുന്നുവെന്നും പലരും ഒഴുക്കൻ മട്ടിൽ പറയാറുണ്ട്. ഖുർആനിൽ പരന്ന ഭൂമിയപ്പറ്റിയാണ് പറഞ്ഞിട്ടുള്ളതെന്നും, മുസ്ലിംകളൊക്കെ ഭൂമി പരന്നതാണെന്നായിരുന്നു ധരിച്ചിരുന്നതെന്നും ഇസ്ലാം വിരുദ്ധർ പറഞ്ഞു നടക്കാറുണ്ട്. ഇക്കൂട്ടർ വിശുദ്ധ ഖുർആനെപ്പറ്റിയും മുസ്ലിം ചരിത്രത്തെപ്പറ്റിയും അജ്ഞരാണെന്ന് മാത്രമല്ല പൊതു വിജ്ഞാനത്തിൽ പോലും പരിതാപകരമാംവിധം പിന്നോക്കമാണെന്നാണ് തെളിയുന്നത്.

സഹസ്രാബ്ദങ്ങൾ മുമ്പ് തന്നെ ഈജിപ്തുകാരും റോമാക്കാരും മറ്റും 365¼ ദിവസങ്ങളുള്ള സൗരവർഷം ഗണിച്ചിരുന്നുവെന്ന് ചരിത്രത്തിന്റെ ബാലപാഠമെങ്കിലും പഠിച്ചവർക്കൊക്കെ അറിയാം. കുറെ പ്രാവശ്യം നൈൽ നദിയിൽ പരമാവധി വെള്ളം കയറുന്ന ദിവസങ്ങൾ നിരീക്ഷിച്ചിട്ട് അത്തരം രണ്ട് ദിവസങ്ങൾ തമ്മിലുള്ള അകലം കണക്കാക്കി അതിന്റെ ശരാശരി ഗണിച്ചിട്ടാണ് 365¼ എന്ന ഉത്തരം കിട്ടിയതെന്ന് ഭൗതികവാദിയായ ഒരു നരവംശ ശാസ്ത്രജ്ഞൻ രേഖപ്പെടുത്തിക്കണ്ടു. ജൂലിയൻ കലണ്ടർ രൂപം കൊണ്ടത് എവിടെ വെള്ളം കയറിയതിന്റെ കണക്ക നോക്കിയിട്ടാണെന്ന് ആരും എവിടേയും എഴുതിക്കണ്ടില്ല. ഭൂമി സൂര്യന് ചുറ്റും ഒരു പ്രദ

ക്ഷീണം പൂർത്തിയാക്കാനെടുക്കുന്ന സമയത്തിന് തുല്യമായ ഒരു വർഷം കണിശമായി ഗണിച്ചവർ പായ പോലെയോ പപ്പടം പോലെയോ ഉള്ള ഭൂമിയെ മനസ്സിൽ കണ്ടുകൊണ്ടാണ് അങ്ങനെ ചെയ്തതെന്ന് വാദിക്കാൻ നിഷ്പക്ഷമതികൾക്ക് സാധ്യമാകില്ല.

ഗലീലിയോ പിറക്കുന്നതിന് നൂററാണ്ടുകൾക്ക് മുമ്പ് തന്നെ മുസ്ലിം ശാസ്ത്രജ്ഞന്മാരും മതപണ്ഡിതന്മാരും ഭൂമിയുടെ ഗോളാകൃതിയെപററി രേഖപ്പെടുത്തിയിട്ടുണ്ട്.

Any how, the fact of the earth being a sphere of very small dimensions in comparison to the size of the universe was accepted without apposition by every Arabian Scholar, and the very first scientific work under taken after the rise of Astronomy among them was a determination of the size of the earth. It was carried out by order of the Khalif Al-Mamoon in the plane Palmyra according to the account given by Ibn Junus that the length of a degree was measured by two odservers between Wamia and Tadmoor and by two others in another locality. we ore not told where. The first measure given a degree equal to 57, and second one equal to 56.25 Arabian miles of 4000 black cubits, and the approximat mean 56⅔ miles was adopted as the final research. The circumference of the earth being 20400 miles and the diameter 6500 miles.

(A History of Astronomy from thales to Kepler by ILE DREYAR. 2nd Edn. Dover Publication New York)

''പ്രപഞ്ചവുമായി തുലനം ചെയ്യുമ്പോൾ വളരെ ചെറിയ പരിമാണം മാത്രമുള്ള ഒരു ഗോളമാണ് ഭൂമിയെന്ന വസ്തുത എ

തോ വിധത്തിൽ അറേബ്യൻ പണ്ഡിതൻമാർക്കിടയിൽ അനിഷേദ്ധ്യമായ സ്വീകാര്യത നേടിക്കഴിഞ്ഞിരുന്നു. അവർക്കിടയിൽ ജ്യോതിശ്ശാസ്ത്രത്തിന്റെ ഉദ്ഗതിയെത്തുടർന്നു ആദ്യമായി നടത്തപ്പെട്ട ശാസ്ത്രീയ സംരംഭം ഭൂമിയുടെ വലിപ്പം നിർണയിക്കുകയായിരുന്നു. പാൽമിറാ സമതലത്തിൽ ഖലീഫാ മാമൂന്റെ ഉത്തരവ് പ്രകാരമാണ് അത് നടന്നത്. ഇബ്നു യൂനുസ് നൽകിയിട്ടുള്ള വിവരങ്ങളനുസരിച്ച് അന്ന് നാല് നിരീക്ഷകൻമാർ ചേർന്ന് ഒരു ഡിഗ്രിയുടെ ദൈർഘ്യം അളക്കുകയാണ് ചെയ്തത്. രണ്ടുപേർ വാമിയസ്സും തദ്മറിനും ഇടക്കും, മററു രണ്ടുപേർ രേഖപ്പെടുത്തപ്പെട്ടിട്ടില്ലാത്ത മറെറാരു മേഖലയിലുമാണ് അളവുകളെടുത്തത്. ആദ്യം കിട്ടിയ അളവനുസരിച്ച് ഒരു ഡിഗ്രി 57 അറേബ്യൻ നാഴികയ്ക്ക് തുല്യമായിരുന്നു. രണ്ടാമത് കിട്ടിയ അളവനുസരിച്ച് 56.25 നാഴികയും. 4000 മുഴമത്രെ ഒരു അറേബ്യൻ നാഴിക. അന്തിമ വിശകലനത്തിൽ രണ്ടളവുകളുടെയും കൂടി ഏകദേശ ശരാശരി $56\frac{2}{3}$ നാഴിക ഒരു ഡിഗ്രിയുടെ ദൈർഘ്യമായി അംഗീകരിക്കപ്പെട്ടു. അങ്ങനെ ഭൂമിയുടെ ചുററളവ് 20400 നാഴികയായും വ്യാസം 6500 നാഴികയായും ഗണിക്കപ്പെട്ടു.''

(ജ്യോതിശ്ശാസ്ത്ര ചരിത്രം—തെയ്ൽസ് മുതൽ കെപ്ളർ വരെ)

ഭൂമിയെ ഒരു ഗോളമായി കണ്ടുകൊണ്ട് ഇസ്ലാമിന്റെ പ്രഭാവകാലത്ത് (കോപ്പർനിക്കസും ഗലീലിയോയും ജനിക്കുന്നതിനു് നൂററാണ്ടുകൾക്ക് മുമ്പ്) നടത്തപ്പെട്ട നിരീക്ഷണ ഗവേഷണങ്ങളുടെ ചെറിയൊരംശം മാത്രമാണ് ഈ ഉദ്ധരണിയിൽ ചൂണ്ടിക്കാണിക്കപ്പെട്ടത്. വിശുദ്ധഖുർആനിന്റെ ദൈവികതയിൽ പൂർണ്ണമായി വിശ്വാസമർപ്പിച്ചിരുന്നവർ തന്നെയായിരുന്നു ഈ ഗവേഷണങ്ങളിലേർപ്പെട്ടിരുന്നത്. ഭൂമി ഗോളാകൃതിയായിരിക്കുക—എന്നത് ഖുർആന് വിരുദ്ധമാണെന്ന് അവരോ അവരുടെ സമകാലികരായ മുസ്ലിം പണ്ഡിതൻമാരോ നിരൂപിക്കുക പോലും ചെയ്തിട്ടില്ല.

തന്നെയുമല്ല, സൂര്യചന്ദ്രന്മാരെയും രാപ്പകലുകളെയും പററി പ്രതിപാദിക്കുന്ന സന്ദർഭങ്ങളിൽ വിശുദ്ധഖുർആൻ സ്വീ

കരിച്ചിട്ടുള്ള ശൈലി വ്യക്തമായും ഗോളാകൃതിയെകുറിക്കുന്നോ താണെന്ന കാര്യത്തിൽ മുസ്ലിം സമുദായത്തിലെ പ്രമുഖ പണ്ഡിതന്മാർക്ക് തർക്കമില്ലെന്ന് മാസപ്പിറവിയെപ്പററിയുള്ള ഒരു ലഘുകൃതിയിൽ ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ സ്പഷ്ടമാക്കിയിട്ടുണ്ട്. പ്രമുഖ ഖുർആൻ വ്യാഖ്യാതാവായ ഇമാം റാസിയും ഈ കാര്യം അസന്ദിഗ്ധമായി തുറന്നു പറഞ്ഞിട്ടുണ്ട്. ഇബ്നു തൈമിയയും ഇമാം റാസിയും നവോത്ഥാനകാലത്തിന് എത്രയോ മുമ്പ് ഇസ്ലാമിക വിജ്ഞാനീയങ്ങളുടെ വെളിച്ചത്തിൽ കാര്യങ്ങൾ നോക്കിക്കണ്ട പണ്ഡിതൻമാരത്രെ.

വിശുദ്ധഖുർആന്റെ അമാനുഷികതയ്ക്കുള്ള ഓരോ തെളിവും അപഗ്രഥിച്ച് ഈ ലഘുകൃതി വലിച്ചു നീട്ടാനുദ്ദേശിക്കുന്നില്ല.

മനുഷ്യനെപ്പററിയും പ്രപഞ്ചത്തെപററിയും മനുഷ്യന്റെ പതനത്തിനും ഉൽകർഷത്തിനും നിദാനമായ മൗലിക വസ്തുതകളെപററിയും വിശുദ്ധഖുർആൻ അവതരിപ്പിക്കുന്ന ആശയങ്ങൾ കേവലം ഒരു മനുഷ്യന്റെ ചിന്തകളായിരുന്നുവെങ്കിൽ അവ ഒരിക്കലും നിത്യസത്യങ്ങളാകുമായിരുന്നില്ല. കാലദേശങ്ങളുടെ അതിർവരമ്പുകൾക്കപ്പുറത്തേക്ക് അവ നീണ്ടുനിൽക്കുമായിരുന്നില്ല. ഈ വസ്തുത സുതരാം വ്യക്തമാക്കുന്നതത്രെ മുകളിൽ പരാമർശിക്കപ്പെട്ട തെളിവുകൾ.

പ്രിയ വായനക്കാരോട്,

മനുഷ്യൻ സത്യം സ്വീകരിക്കേണമെന്ന നിർബന്ധമില്ല. പക്ഷെ സത്യം എന്താണെന്ന കണ്ടുപിടിക്കാനുള്ള താല്പര്യമില്ലായ്മ മനുഷ്യ ചേതനക്കുതന്നെ അപമാനമാണ്. അതിനെ നിഷേധിക്കൽ ശാശ്വതനരകത്തിലെത്തിക്കുന്ന പാതകമാണ്.

ദൈവം മനുഷ്യന് വിവേചിക്കാനുള്ള കഴിവു നൽകിയതിനാൽ മനുഷ്യൻ വസ്തുനിഷ്ഠമായി വിവേചിക്കുമെന്ന പ്രതീക്ഷിക്കുന്നുവെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ചിന്തിക്കുക ചോദ്യം ചെയ്യുക, വീണ്ടും ചിന്തിക്കുക.

ഇസ്ലാമിൻെറ ഏതെങ്കിലും ഒരു അദ്ധ്യാപനം വളരെ ധൃതിയിൽ സ്വീകരിക്കുവാൻ ആരും താങ്കളെ നിർബന്ധിക്കുകയില്ല. ഇസ്ലാം മനുഷ്യന്ന സ്വമേധയാ ചിന്തിച്ച തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം അനുവദിക്കുന്നു. ഇസ്ലാമിനെപ്പററി താങ്കളുടെ അറിവു സമഗ്രമാണോ എന്നു സ്വയം പരിശോധിക്കുക. ഉള്ള അറിവ് അമുസ്ലിം മൂലങ്ങളിൽ നിന്നും ലഭിച്ചതാണോ എന്നും അത്തരം മൂലങ്ങൾ ഒരു പക്ഷെ ഇസ്‌ലാമിനെ സംബന്ധിച്ച ഭാഗിക ദൃശ്യങ്ങളിൽ നിന്ന രൂപപെട്ടതും, വസ്തുനിഷ്ഠവും ക്രമവുമായ പരിശോധനക്കുവിധേയമാക്കാത്തവയും ആകാനിടയുള്ളവയാണോ എന്നും പരിശോധിക്കുക.

ഒരു പഥ്യാഹാരം അതു രുചിച്ചുനോക്കാത്തവരിൽ നിന്നുള്ള കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ സ്വാദിഷ്ടമാണോ എന്നു തീരുമാനിക്കുന്നത് ന്യായയുക്തമാണോ? അല്ലല്ലോ. അതുപോലെ ഇസ്‌ലാമിനെ സംബന്ധിച്ച താങ്കൾ ഒരു അഭിപ്രായം രൂപപ്പെടുത്തുന്നതിന്നു വിശ്വസ്തമായ മൂലങ്ങളിൽ നിന്നായിരിക്കും, അതു രുചിച്ചുനോക്കുക മാത്രമല്ല അതു ദഹിക്കുകയും വേണം, താങ്കൾ ഒരു അഭിപ്രായം രൂപപെടുത്തുന്നതിന്നുമുമ്പ്. അതായിരിക്കും ഇസ്‌ലാമിനോടുള്ള ബുദ്ധിമാൻെറ സമീപനം.

താങ്കൾതന്നെ അടുത്തപടി തിരഞ്ഞെടുക്കുക. തിരഞ്ഞെടുക്കുവാനുള്ള താങ്കളുടെ സ്വാതന്ത്ര്യവും, ദൈവം നൽകിയ താങ്കളുടെ ചിന്താശക്തിയും, ചേതനയും ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യവും ആദരിക്കപ്പെടുമെന്നു ഇസ്‌ലാം നിരന്തരം താങ്കൾക്ക് ഉറപ്പുതരുന്നുവെന്നത് താങ്കളുടെ തിരഞ്ഞെടുപ്പിനെ സഹായിക്കും. എല്ലാ മനുഷ്യർക്കും ഈ സ്വാതന്ത്ര്യവാഞ്ഛയുണ്ട്. മററാർക്കും അതു താങ്കളിൽ നിന്ന എടുത്തുകളയാൻ അധികാരമില്ല. സത്യത്തിലേക്കുള്ള താങ്കളുടെ ബുദ്ധിപരമായ യാത്ര സുഖപ്രദമാകട്ടേ എന്നും ലോകസ്രഷ്ടാവ് സത്യം സ്വീകരിക്കാനുള്ള കെല്പ് നല്കട്ടെ എന്നും ഞങ്ങൾ ആശംസിക്കുന്നു.

താങ്കൾക്ക് ഇസ്‌ലാമിനെ സംബന്ധിച്ച് വസ്തുനിഷ്ടമായി പഠിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ Niche of Truth നെ സമീപിക്കുക.

Niche of Truth, Y. M. B. Buildings. P. O. Areacode – 673 639

## أهداف المكتب :

١ – التعاون مع الجهات الرسمية العاملة في مجال الدعوة لنشر العلم الشرعي وتبصير المسلمين بأمور دينهم.

٢ – دعوة غير المسلمين إلى الإسلام.

٣ – تعليم حديثي الإسلام أصول الدين.

## أخي المسلم :

طباعة الكتاب النافع والشريط المفيد من أقوى وسائل الدعوة إلى الله. فبادر أخي إلى الاشتراك في توفيرها لمن هو بحاجة اليها.

مع تحيات المكتب التعاوني للدعوة والإرشاد
وتوعية الجاليات في النسيم
شركة الراجحي المصرفية للاستثمار
فرع أسواق الربوة
رقم الحساب – ٣٩٠٠

المكتب التعاوني للدعوة والارشاد وتوعية الجاليات في النسيم
الرياض – حي المنار / مقابل العيادات الخارجية لمستشفى اليمامة
تحت اشراف وزارة الشئون الإسلامية والأوقاف والدعوة والإرشاد
هاتف وفاكس ٢٢٣٢٨٢٢٦-٠١ – ص ب ٥١٥٨٤ الرياض ١١٥٥٢

مطبعة النرجس التجارية – ت: ٢٣١٦٦٥٣ فاكس ٢٣١٦٨٦٦